# നേർപഥം
വാരിക

www.nerpatham.com
mail@nerpatham.com

2021 JUNE 26 I ₹12


# സ്വവർഗലൈംഗികതയുടെ ‘പ്രൈഡും’ സംസ്കാരം നേരിടുന്ന വെല്ലുവിളിയും



ലൈംഗിക അച്ചടക്കമില്ലായ്മ അപമാനത്തിന്റെയും മാനഹാനിയുടെയും അടയാളമായിട്ടാണ് വിവേകമതികൾ കണക്കാക്കുന്നത്. എന്നാൽ മറച്ചുപിടിക്കേണ്ടതോ ശുദ്ധപ്രകൃതിക്ക് യോജിക്കാത്തതോ ആയ വസ്തുതകളെ അനാവശ്യമായി ഉദാത്തവൽക്കരിച്ച് മനുഷ്യന്റെ സാംസ്കാരിക ബോധത്തെ അപഹസിക്കുകയാണ് സ്വവർഗ ലൈംഗികതയെ ‘പ്രൈഡ്’ ആയി കാണുന്നതിലൂടെ ഒരുകൂട്ടം ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നത്.

- **വ്യാമോഹങ്ങൾകൊണ്ട് സത്യവിശ്വാസിയാകില്ല**

- **ദുഃഖവർഷം**
- **മിസാൻകല്ലിന്റെ കൂട്ടുകാരൻ**
- **ഓൺലൈൻ വിദ്യാഭ്യാസം; ഗുണവും ദോഷവും**

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |




# 0231
## നേർപഥം
വാരിക

2021 ജൂൺ 26
1442 ദുൽകഅ്ദ 16
പുസ്തകം 05 / ലക്കം 25

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





# സ്വവർഗലൈംഗികതയുടെ 'പ്രൈഡും' സംസ്കാരം നേരിടുന്ന വെല്ലുവിളിയും




10
സുഫ്‌യാൻ അബ്ദുസ്സലാം

05
മുഖമൊഴി
വ്യാമോഹങ്ങൾകൊണ്ട് സത്യവിശ്വാസിയാകില്ല
എഡിറ്റർ

06
ലേഖനം
ആരാണ് ഏറ്റവും നല്ലവൻ?
ദുൽക്കർഷാൻ അലനല്ലൂർ

18
ചരിത്രപഥം
ദുഃഖവർഷം
ഹുസൈൻ സലഫി, ഷാർജ

24
അനുഭവക്കുറിപ്പ്
മീസാൻകല്ലിന്റെ കൂട്ടുകാരൻ
സവാദ് മമ്പറം

26
വിവർത്തനം
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

32
ഓർമക്കുറിപ്പ്
ഓൺലൈൻ വിദ്യാഭ്യാസം; ഗുണവും ദോഷവും
സൈതലവി വിളയൂർ

34
ബാലപഥം
കൂട്ടുകാരന്റെ ക്വുർആൻ പഠനം
റിസാന ബിൻത് ക്വാസിം

ചലനങ്ങൾ

# നീതിബോധം ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത: മന്ത്രി അഹമ്മദ് ദേവർ കോവിൽ

മലപ്പുറം: കോവിഡ് വ്യാപനം വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ച വെല്ലുവിളികളെ അതിജയിക്കുക എന്നത് നാം ഗൗരവത്തോടെ കാണണമെന്ന് മന്ത്രി അഹമ്മദ് ദേവർ കോവിൽ അഭിപ്രായപെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ കീഴിലുള്ള ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയയുടെ പ്രവേശന സംഗമത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതുതലമുറയിൽ നീതിബോധം ശക്തിപ്പെടുത്തേണ്ടത് സമൂഹത്തിന്റെ നിലനിൽപിന് അനിവാര്യമാണ്. വിദ്യാർഥികളിൽ ധാർമികബോധവും പൗരബോധവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ജാമിഅ അൽ ഹിന്ദ് നടത്തുന്ന പരിശ്രമങ്ങൾ ശ്ലാഘനീയമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്മാർട്ട് ജാമിഅ ഉദ്ഘാടനം നജീബ് കാന്തപുരം എം.എൽ.എ നിർവഹിച്ചു. പ്രവേശന സംഗമം ഡോ. മുഹമ്മദ് അഷ്റഫ് മലബാരി (മദീന) ഉദ്ഘാടനം നിർവഹിച്ചു. ജാമിഅ അൽ ഹിന്ദ് ചെയർമാൻ പി.എൻ അബ്ദുൽലത്തീഫ് മദനി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജാമിഅ ഡയറക്ടർ ഫൈസൽ പുതുപ്പറമ്പ്, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജന.സെക്രട്ടറി ടി.കെ അഷ്റഫ്, പുളിക്കൽ മദീനത്തുൽ ഉലൂം പ്രിൻസിപ്പാൾ ഡോ. സയ്യിദ് മുഹമ്മദ് ശാക്കിർ, ഡോ മുഹമ്മദ് ഷഹീർ എന്നിവർ പ്രസംഗിച്ചു.

## കോവിഡ് 19: ഡോക്ടർമാർക്കെതിരെയുള്ള കയ്യേറ്റം സാമൂഹ്യ ദ്രോഹം: വിസ്ഡം യൂത്ത്

കോഴിക്കോട്: കോവിഡ് മഹാമാരിയിൽ സ്വയംമറന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അധ്വാനിക്കുന്ന ആരോഗ്യപ്രവർത്തകരെയും ഡോക്ടർമാരെയും കയ്യേറ്റം ചെയ്യുന്നത് സാമൂഹ്യദ്രോഹവും അപലപനീയവുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

ആരോഗ്യ പ്രവർത്തകർക്ക് പൂർണ സുരക്ഷ ഉറപ്പ് വരുത്താനാകണം. കുടുംബത്തെപ്പോലും മറന്ന് സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ആരോഗ്യപ്രവത്തകർക്ക് പിന്തുണയും കരുത്തും നൽകണം.

കോവിഡ് ബാധിച്ച് മരണപ്പെടുന്നവരിൽ അധികവും ആരോഗ്യ പ്രവർത്തകരാണെന്നിരിക്കെ അവരിൽ വീഴ്ചകളാരോപിച്ച് ഉപദ്രവിക്കുന്നത് മനഃസാക്ഷിക്ക് നിരക്കാത്തതാണെന്നും അവരെ പരിഗണിക്കാനുള്ള വിശാല മനസ്സാണ് എല്ലാവർക്കും വേണ്ടതെന്നും വിസ്ഡം യൂത്ത് അഭിപ്രായപ്പെട്ടു.

മുഖമൊഴി

# വ്യാമോഹങ്ങൾകൊണ്ട് സത്യവിശ്വാസിയാകില്ല

കേരളത്തിലെ മുസ്‌ലിം സമുദായം വിശ്വാസപരമായും ആചാരപരമായും എത്രമാത്രം കടുത്ത അന്ധതയിലായിരുന്നു എന്ന കാര്യം പുതുതലമുറക്ക് അറിയില്ല. ഈ അജ്ഞത മുതലെടുത്തുകൊണ്ട്, അന്ന് മുസ്‌ലിം സമുദായത്തെ ശിർക്ക്-ബിദ്അത്തുകളിൽ തളച്ചിടാൻ ശ്രമിച്ചവരുടെ പിൻഗാമികൾ ഇന്ന് സമുദായത്തിന്റെ എല്ലാ അഭിവൃദ്ധിക്കും പിന്നിൽ തങ്ങളാണെന്ന് വരുത്തിത്തീർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുവാൻ സാധിക്കുന്നത്. തൗഹീദില്ലാത്ത ഒരു ജനവിഭാഗത്തിന്റെ ഏതുസൽകർമങ്ങളും പരലോകത്ത് ഉപകാരപ്പെടുകയില്ല, ദൈവേതരരെ വിളിച്ചു പ്രാർഥിക്കുന്നതും അവരുടെ തൃപ്തിക്കായി നേർച്ചവഴിപാടുകൾ നടത്തുന്നതുമെല്ലാം നരകത്തിലേക്ക് കൊണ്ടെത്തിക്കും എന്നൊക്കെയുള്ള യാഥാർഥ്യം സമുദായത്തെ പഠിപ്പിച്ചത് ഇസ്‌ലാഹി പ്രസ്ഥാനമാണ്. വിദ്യാഭ്യാസം നേടുന്നതിന്റെ ആവശ്യകതയും മതപഠനത്തിന്റെ അനിവാര്യതയും അന്ധവിശ്വാസങ്ങളുടെ അപകടവുമെല്ലാം പ്രയാസങ്ങൾ ഏറെ സഹിച്ചാണ് മുൻഗാമികളായ ഇസ്‌ലാഹി പണ്ഡിതന്മാർ സമുദായത്തെ ബോധ്യപ്പെടുത്തിയത്. അതിന്റെ അനന്തരഫലമാണ് മുസ്‌ലിം സമുദായത്തിൽ ഇന്നു കാണുന്ന എല്ലാവിധ പുരോഗതികളും. എതിർത്തവർക്കെല്ലാം ഈ ഉദ്ബോധനങ്ങളെയും നവോത്ഥാന സംരംഭങ്ങളെയും പിന്നീട് പിൻപറ്റേണ്ടതായിവന്നു എന്നതിന് ചരിത്രം സാക്ഷി.

എന്നാൽ ഇരുട്ട് പൂർണമായും വിട്ടൊഴിഞ്ഞിട്ടില്ല. ഇരുട്ടിലേക്ക് നയിക്കുന്നവർ ഇപ്പോഴുമുണ്ട്. ആധുനിക സാങ്കേതികവിദ്യകളും സോഷ്യൽമീഡിയകളുമെല്ലാം ഉപയോഗിച്ച് വെളിച്ചത്തിനെതിരായി അവർ പ്രവർത്തിക്കുന്നുണ്ട്. മതത്തിൽ പുതുനിർമിതികൾ നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. അതിനു തടസ്സമായി അവർക്കു മുമ്പിൽ ഇന്നുമുള്ളത് മുജാഹിദുകളാണ്. പ്രാമാണികമായി തങ്ങളുടെ വികല വിശ്വാസങ്ങളെയും അനാചാരങ്ങളെയും ന്യായീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ദുർവ്യാഖ്യാനങ്ങളിലും വ്യക്തിഹത്യകളിലും ദുരാരോപണങ്ങളിലും അഭിരമിക്കുകയാണ് ഇക്കൂട്ടർ.

നാമമാത്ര മുസ്‌ലിംകളായാൽ മതി, പിന്നെ പരലോകത്ത് രക്ഷപ്പെടുത്താൻ ഖോജമാരും ശൈഖുമാരുമൊക്കെയുണ്ടാകും എന്ന നിലയിലുള്ള സന്ദേശമാണ് ഇവർ സമുദായത്തിനു പകർന്നുനൽകുന്നത്. ഏതെങ്കിലും ശൈഖിന്റെ മുരീദായാൽ തന്റെ പരലോകരക്ഷ അയാളുടെ കൈകളിലാണ്, അയാൾ തന്നെ രക്ഷിക്കും എന്ന് തെറ്റായി മനസ്സിലാക്കുന്ന സാധാരണക്കാരുടെ അവസ്ഥയൊന്ന് ആലോചിച്ചു നോക്കുക!

വാസ്തവത്തിൽ ഈമാൻ അഥവാ സത്യവിശ്വാസം ഹൃദയംകൊണ്ടുള്ള അംഗീകാരമാണ്. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള കീഴ്‌വണക്കവും പ്രവർത്തനവുമാണ് ഇസ്‌ലാം. അഥവാ ഈമാനിന്റെ അനിവാര്യഫലമാണ് ഇസ്‌ലാം. ആർക്കാണ് താൻ വിശ്വാസിയാണെന്ന് പറയാൻ അർഹതയുള്ളത്? “അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാന്മാർ.” (ക്വുർആൻ 49:15).

യാതൊരു സന്ദേഹത്തിനുമിടയില്ലാത്തവിധം അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അതിന്റെ അടയാളങ്ങൾ പ്രവർത്തനങ്ങളിൽ പ്രകടമാകുംവിധം അനുസരണവും ശരീരംകൊണ്ടും സമ്പത്തുകൊണ്ടും സ്രഷ്ടാവിന്റെ മാർഗത്തിലുള്ള സമരവും ഉണ്ടാകുമ്പോൾ മാത്രമെ ഒരാൾക്ക് യഥാർഥ സത്യവിശ്വാസിയാണെന്ന് അവകാശപ്പെടാൻ ന്യായമുള്ളൂ എന്ന് സാരം. മുസ്‌ലിം കുടുംബത്തിൽ ജനിക്കുക, ആൺകുട്ടിയെങ്കിൽ ചേലാകർമം നടത്തുക, മുസ്‌ല്യാരുടെ കാർമികത്വത്തിൽ നിക്കാഹ് നടത്തുക, മരണപ്പെട്ടാൽ പള്ളിക്കാട്ടിൽ മറമാടുക പോലുള്ളവ നടത്തിയാൽ മാത്രം തികഞ്ഞ മുസ്‌ലിമായി എന്ന ധാരണയിൽനിന്ന് മുസ്‌ലിം സമുദായത്തെ അല്ലാഹു അന്തിമദൂതരിലൂടെ ലോകത്തിനു നൽകിയ ഇസ്‌ലാമിന്റെ പ്രായോഗിക മാർഗത്തിലേക്ക് ക്ഷണിക്കുക എന്ന പ്രവർത്തനമാണ് മുൻഗാമികളെ പിൻപറ്റി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും പോഷകഘടകങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം




2

### 3. ഏറ്റവും നല്ല സ്വഭാവമുള്ളവൻ

മനുഷ്യനെ യഥാർഥ മനുഷ്യനാക്കുന്നത് ഉത്തമ സ്വഭാവഗുണങ്ങളാണ്. ആളുകളെ പരസ്പരം അടുപ്പിക്കുന്നതും അകറ്റുന്നതും നല്ലതും ചീത്തയുമായ സ്വഭാവ ഗുണങ്ങളാണ്. ഏറ്റവും നല്ല സ്വഭാവത്തിനുടമയായിരുന്നു മുഹമ്മദ് നബിﷺ. നബിﷺയുടെ സ്വഭാവ മഹിമയെപ്പറ്റി പ്രിയതമ ആഇശ(റ) പറഞ്ഞത് 'നബിﷺയുടെ സ്വഭാവം ക്വുർആനായിരുന്നു' എന്നാണ് (മുസ്‌ലിം).

സൽസ്വഭാവിയായി ജീവിച്ച പ്രവാചകൻ അനുയായികളെ സൽസ്വഭാവികളാകാൻ ഉപദേശിക്കുകയും അതിന്റെ നേട്ടം പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അബൂഹുറയ്‌റ(റ) നിവേദനം: "ജനങ്ങൾ ധാരാളമായി സ്വർഗത്തിൽ പ്രവേശിക്കുന്ന കാര്യത്തെക്കുറിച്ച് നബി(സ) ചോദിക്കപ്പെട്ടു. നബി(സ) പറഞ്ഞു: 'ഭക്തിയും സൽസ്വഭാവവും.' പിന്നെ ചോദിക്കപ്പെട്ടു; ജനങ്ങളിൽ അധികവും നരകത്തിൽ പ്രവേശിക്കുന്നതിനെപ്പറ്റി. അപ്പോൾ നബി(സ) പറഞ്ഞു: 'വായയും (നാവും) ഗുഹ്യാവയവും'' (തിർമിദി).

മനുഷ്യരിൽ ഏറ്റവും നല്ലവനും നല്ല സ്വഭാവമുള്ളവൻ തന്നെ!

അബ്ദുല്ലാഹ് ഇബ്നുഅംറ്(റ) പറഞ്ഞു; നബി(സ) പറഞ്ഞു: "തീർച്ചയായും നിങ്ങളിൽ ഏറ്റവും ഉത്തമൻ ഏറ്റവും നല്ല സ്വഭാവമുള്ളവനാണ്'' (ബുഖാരി).

### 4. കടംവീട്ടുന്ന സമയത്ത് നല്ലരൂപത്തിൽ തിരിച്ച് നൽകുന്നവൻ

സമൂഹത്തിന്റെ നിലനിൽപ്പും ഉറപ്പും ഊർജവും നിലകൊള്ളുന്നതുതന്നെ പരസ്പര സഹകരണങ്ങളിലൂടെയും സഹായങ്ങളിലൂടെയുമാണ്. ഒരാൾക്ക് എന്തെങ്കിലും ആവശ്യം വരുമ്പോൾ സ്വന്തമായി അത് നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അന്യന്റെ സഹായം ആവശ്യമായിവരുന്നു. ഇത്തരം സന്ദർഭങ്ങളിൽ പരസ്പര സഹായങ്ങൾ ഊടുറ്റ ബന്ധങ്ങൾക്ക് വഴിയൊരുക്കുന്നു.

സമൂഹത്തിൽ വ്യത്യസ്തമായ ജീവിതാവസ്ഥയിൽ കഴിച്ചുകൂട്ടുന്നവരാണ് മനുഷ്യർ. സമ്പത്തുള്ളവർ; ഇല്ലാത്തവർ, വീടുള്ളവർ; ഇല്ലാത്തവർ, വാഹനമുള്ളവർ ഇല്ലാത്തവർ; എന്നിങ്ങനെ...

വ്യക്തികൾക്കിടയിലും അയൽവാസികൾക്കിടയിലും സ്ഥാപനങ്ങൾക്കിടയിലും രാജ്യങ്ങൾക്കിടയിലുമൊക്കെ സാമ്പത്തികബാധ്യത വരുന്ന സമയത്ത് നടക്കാറുള്ള ഒന്നാണ് വായ്പ വാങ്ങൽ. (കടം വാങ്ങുന്നതിനെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ കടം വാങ്ങാൻ നിർബന്ധിതനാണെങ്കിൽ ചില വ്യവസ്ഥകളോടെ അതാകാവുന്നതുമാണ്. അതിൽ തെറ്റില്ല എന്നതും അറിയപ്പെട്ടതാണ്).

ഇത്തരം ഘട്ടത്തിൽ വിശ്വാസികൾ ശ്രദ്ധിക്കേണ്ട ഒന്നാണ് കടംവാങ്ങിയതിനെക്കാൾ ഏറ്റവും നല്ല രൂപത്തിൽ തിരിച്ച് കൊടുക്കുക എന്നത്. ഉദാഹരണമായി പറഞ്ഞാൽ നമുക്ക് ആവശ്യമുള്ള ഒരു വസ്തു നമ്മുടെ അയൽവാസിയിൽനിന്നോ സുഹൃത്തിൽനിന്നോ നമ്മൾ കടം വാങ്ങി. വാങ്ങുന്ന സമയത്ത് നമുക്ക് ലഭിച്ച വസ്തുവിലോ സാധനത്തിലോ ചെറിയ രൂപത്തിൽ കുറവുകൾ ഉണ്ടായിരുന്നു എന്നു കരുതുക. എന്നാൽ പിന്നീട് കടം വീട്ടുന്ന സമയത്ത് (തിരിച്ചു നൽകേണ്ട അവധിയെത്തിയാൽ) നമുക്ക് ലഭിച്ചതുപോലെ ന്യൂനതകളൊന്നുമില്ലാത്ത നല്ല വസ്തുവോ, സാധനമോ തിരിച്ച് നൽകുക. ഇതാണ് ഇവിടെ പഠിപ്പിക്കുന്നത്. അപ്രകാരം ചെയ്യുന്നവൻ നിങ്ങളിൽ ഏറ്റവും ഉത്തമനാണെന്ന് നബി(സ) അരുളിയിട്ടുണ്ട്. നബി(സ) അപ്രകാരം ചെയ്യുമായിരുന്നു.

അബൂഹുറയ്‌റ(റ) നിവേദനം: "നബി(സ)ക്ക് ഒരാളോട് കടബാധ്യതയുണ്ടായിരുന്നു. അപ്പോൾ അയാൾ തിരുമേനിയോട് പരുഷമായി പെരുമാറി. അപ്പോൾ സ്വഹാബികൾ അയാളെ കൈകാര്യം ചെയ്യാൻ ഭാവിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: കടം കൊടുത്തവന് ലഭിക്കാനുള്ള അവകാശമുണ്ട്. എന്നിട്ട് നബി(സ) അവരോട് പറഞ്ഞു: 'നിങ്ങൾ അവന് ആ പ്രായത്തിലുള്ള ഒരു ഒട്ടകത്തെ വാങ്ങിക്കൊടുക്കുക.' അവർ പറഞ്ഞു: 'അവന്റെ ഒട്ടകത്തെക്കാൾ മെച്ചപ്പെട്ട പ്രായമുള്ളത് മാത്രമെ ഞങ്ങൾ കാണുന്നുള്ളൂ.' നബി(സ) പറഞ്ഞു: 'എങ്കിൽ അത് വാങ്ങി അവന്ന് കൊടുക്കുക. നിങ്ങളിൽ ഏറ്റവും ഉത്തമൻ ഏറ്റവും നന്നായി കടം വീട്ടുന്നവനാണ്.'' (ബുഖാരി, മുസ്‌ലിം).

> **സമൂഹത്തിന്റെ നിലനിൽപ്പും ഉറപ്പും ഊർജവും നിലകൊള്ളുന്നതുതന്നെ പരസ്പര സഹകരണങ്ങളിലൂടെയും സഹായങ്ങളിലൂടെയുമാണ്. ഒരാൾക്ക് എന്തെങ്കിലും ആവശ്യം വരുമ്പോൾ സ്വന്തമായി അത് നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അന്യന്റെ സഹായം ആവശ്യമായിവരുന്നു. ഇത്തരം സന്ദർഭങ്ങളിൽ പരസ്പര സഹായങ്ങൾ ഊടുറ്റ ബന്ധങ്ങൾക്ക് വഴിയൊരുക്കുന്നു. വ്യക്തികൾക്കിടയിലും അയൽവാസികൾക്കിടയിലും സ്ഥാപനങ്ങൾക്കിടയിലും രാജ്യങ്ങൾക്കിടയിലുമൊക്കെ സാമ്പത്തികബാധ്യത വരുന്ന സമയത്ത് നടക്കാറുള്ള ഒന്നാണ് വായ്പ വാങ്ങൽ. ഇത്തരം ഘട്ടത്തിൽ വിശ്വാസികൾ ശ്രദ്ധിക്കേണ്ട ഒന്നാണ് കടംവാങ്ങിയതിനെക്കാൾ ഏറ്റവും നല്ല രൂപത്തിൽ തിരിച്ച് കൊടുക്കുക എന്നത്.**

അബൂറാഫിഅ്ﷺ നിവേദനം: "നബിﷺ ഒരാളിൽനിന്ന് ഒരു ചെറിയ ഒട്ടകത്തെ കടമായി വാങ്ങി. പിന്നീട് നബിﷺ സകാത്ത് വകയിലുള്ള ഒട്ടകങ്ങൾ ലഭിച്ചപ്പോൾ അബൂറാഫിഇനോട് അയാളുടെ ആ ചെറിയ ഒട്ടകത്തിന്റെ കടം വീട്ടാൻ കൽപിച്ചു. അപ്പോൾ റാഫിഅ്ﷺ നബിﷺയുടെ അടുക്കലേക്ക് തിരിച്ചുവന്നു. എന്നിട്ട് പറഞ്ഞു: 'അവയിൽ ഞാൻ ഏഴു വയസ്സായ ഒട്ടകത്തെയല്ലാതെ കാണുന്നില്ല.' അപ്പോൾ നബിﷺ പറഞ്ഞു: 'നീ അത് അവന് കൊടുക്കുക. നിശ്ചയം ജനങ്ങളിൽ ഏറ്റവും ഉത്തമൻ അവരിൽ ഏറ്റവും നന്നായി കടം വീട്ടുന്നവനാണ്" (മുസ്‌ലിം).

ഒരു സംഭവം കൂടി കാണുക: ജൂതപണ്ഡിതനായ സെയ്ദ് ഇബ്നു സഅ്ന പ്രവാചകനിﷺൽ പ്രവാചകത്വത്തിന്റെ ലക്ഷണങ്ങൾ നിരീക്ഷിച്ചറിയാൻ വേണ്ടി പരിശ്രമിക്കുന്ന സമയം. ഒരുദിനം അദ്ദേഹം പ്രവാചകനോടൊത്ത് നിൽക്കവെ ഒരാൾ തന്റെ വാഹനപ്പുറത്ത് ആഗതനായി. ഒരു ഗ്രാമത്തിലെ മുസ്‌ലിംകൾ കാലക്കെടുതികളിലും കഷ്ടപ്പാടുകളിലുമാണെന്ന വിവരം അദ്ദേഹം പ്രവാചകനോട് പറഞ്ഞു. അവരെ സഹായിക്കാനുള്ള സമ്പത്ത് പ്രവാചകന്റെ കയ്യിലില്ലായിരുന്നു. അദ്ദേഹം തന്റെ കൂടെയുള്ള അലിﷺയെ നോക്കി. അലിﷺ പറഞ്ഞു: 'സമ്പാദ്യമായി ഒന്നും അവശേഷിക്കുന്നില്ല.' ആ സമയം സെയ്ദ് ഇബ്നു സഅ്ന പ്രവാചകന്റെ അടുത്തുചെന്ന് പറഞ്ഞു: 'ഇതാ എൺപത് സ്വർണ നാണയങ്ങൾ. നിർണിത തീയതിയായാൽ പകരം ഈ സംഖ്യക്കൊത്ത കാരക്ക തന്ന് കടം വീട്ടിയാൽ മതി.' പ്രവാചകൻﷺ അത് സ്വീകരിക്കുകയും വാഹനപ്പുറത്തെത്തിയ വ്യക്തിയെ ഏൽപിക്കുകയും ചെയ്തു. പ്രവാചകൻﷺ അയാളോട് പറഞ്ഞു: 'ആ ഗ്രാമവാസികളിലേക്ക് മടങ്ങിച്ചെന്ന് അവരെ സഹായിക്കൂ.'

സെയ്ദ് ഇബ്നു സഅ്ന പറയുന്നു: 'വ്യവസ്ഥ പ്രകാരം ബാധ്യത തീർക്കുവാൻ രണ്ടുമൂന്ന് നാളുകൾ ശേഷിക്കുന്നുണ്ട്. പ്രവാചകൻﷺ ഒരു ജനാസയെ അനുഗമിച്ച് ബക്വീഅ് ക്വബ്ർസ്ഥാനിലേക്ക് പുറപ്പെട്ടതായിരുന്നു. അനുചരന്മാരിൽ അബൂബക്കർﷺ, ഉമർﷺ, ഉഥ്മാൻﷺ എന്നിവരും മറ്റും അദ്ദേഹത്തോടൊപ്പമുണ്ട്.

ജനാസ നമസ്കരിച്ച പ്രവാചകൻﷺ ചാരിയിരിക്കുവാൻ ഒരു ചുമരിനരികിലേക്ക് അടുത്തപ്പോൾ ഞാൻ അടുത്ത് ചെന്നു. അദ്ദേഹത്തിന്റെ കുപ്പായമാറും ശിരോവസ്ത്രവും കൂട്ടി അദ്ദേഹത്തെ കടന്നുപിടിച്ചു. പരുഷമായ മുഖഭാവത്തോടെ അദ്ദേഹത്തെ രൂക്ഷമായി നോക്കി.

ഞാൻ പറഞ്ഞു: 'മുഹമ്മദ്! എന്നോടുള്ള ബാധ്യത വീട്ടുന്നില്ലേ? നിങ്ങൾ അബ്ദുൽ മുത്വലിബിന്റെ മക്കൾ ബാധ്യത തീർക്കുന്നതിൽ അമാന്തിക്കുന്നവരാണ്. നിങ്ങളോടുള്ള ഇടപഴകലിൽ എനിക്ക് നിങ്ങളെയെല്ലാം നന്നായി അറിയാം.'

ഞാൻ ഉമർﷺവിനെ നോക്കി. കോപാകുലനായ അദ്ദേഹത്തിന്റെ ഇരുകണ്ണുകളും ഗോളങ്ങൾക്ക് സമാനമായി അദ്ദേഹത്തിന്റെ മുഖത്ത് കറങ്ങുന്നു! എന്നെ നോക്കി ഉമർﷺ പറഞ്ഞു: 'ശത്രൂ, അല്ലാഹുവിന്റെ തിരുദൂതരോടാണോ നീ ഇതെല്ലാം പറയുന്നതും ചെയ്യുന്നതും? അല്ലാഹുവാണെ, ഞാൻ ചില കാര്യങ്ങൾ ഭയക്കുന്നില്ലായിരുന്നുവെങ്കിൽ എന്റെ ഈ വാളുകൊണ്ട് നിന്റെ തല ഞാൻ കൊയ്യുമായിരുന്നു.'

എന്നാൽ തിരുദൂതരാകട്ടെ തീർത്തും ശാന്തനാണ്. തികഞ്ഞ അടക്കത്തോടെ അദ്ദഹം എന്നെ നോക്കുന്നു. അദ്ദേഹം ഉമർﷺവിനെ വിളിച്ചു: 'ഉമർ! ഞാനും സെയ്ദ് ഇബ്നു സഅ്നയും നിങ്ങളുടെ കോപം മൂത്ത പെരുമാറ്റം ആവശ്യമുള്ളവരല്ല. പ്രത്യുത, നല്ല നിലയ്ക്ക് ബാധ്യത തീർക്കുവാൻ എന്നോടും നല്ല രീതിയിൽ അത് സ്വീകരിക്കുവാൻ അദ്ദേഹത്തോടും ആവശ്യപ്പെടുകയായിരുന്നു നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. ഉമർ! നിങ്ങൾ അദ്ദേഹത്തിന്റെകൂടെ പോയി അദ്ദേഹത്തിന്റെ ബാധ്യത തീർക്കുക. നിങ്ങൾ അദ്ദേഹത്തെ ഭയപ്പെടുത്തിയതിന് പകരമായി ഇരുപത് സ്വാഅ് ഈന്തപ്പഴം കൂടുതൽ നൽകുകയും ചെയ്യുക.'

സെയ്ദ് ഇബ്നു സഅ്ന പറയുകയാണ്: 'ഉമർﷺ എന്നെയുംകൂട്ടി നടന്നു. ശേഷം എന്റെ കടം വീട്ടി. ഇരുപത് സ്വാഅ് ഈന്തപ്പഴം കൂടുതൽ നൽകുകയും ചയ്തു.'

ഞാൻ ചോദിച്ചു: 'ഏറെ നൽകിയത് എന്തിനാണ്?'

ഉമർﷺ: 'ഞാൻ നിങ്ങളെ ഭയപ്പെടുത്തിയതിന് പകരമായി കൂടുതൽ നൽകുവാൻ തിരുദൂതർﷺ പറഞ്ഞതാണ്.'

ഞാൻ പറഞ്ഞു: 'ഉമർ, താങ്കൾക്ക് ഞാൻ ആരെന്ന് അറിയുമോ?'

ഉമർﷺ: 'ഇല്ല, ആരാണ് താങ്കൾ?'

ഞാൻ പറഞ്ഞു: 'സെയ്ദ് ഇബ്നു സഅ്നയാണ്.'

ഉമർﷺ: 'വേദപണ്ഡിതൻ?'

ഞാൻ പറഞ്ഞു: 'അതെ, വേദപണ്ഡിതൻ!'

ഉമർﷺ: 'തിരുദൂതരോട് പരുഷമായി പെരുമാറുവാനും സംസാരിക്കുവാനും നിങ്ങളെ പ്രേരിപ്പിച്ചത് എന്താണ്?'

ഞാൻ പറഞ്ഞു: "ഉമർ, തിരുദൂതരുടെ മുഖത്തേക്ക് ഒരു നോക്ക് നോക്കിയപ്പോൾ തന്നെ പ്രവാചകത്വത്തിന്റെ ലക്ഷണങ്ങളെല്ലാം അദ്ദേഹത്തിൽ ഒത്തതായി ഞാൻ മനസ്സിലാക്കി. ശേഷിക്കുന്നത് രണ്ടെണ്ണം മാത്രമാണ്; അവയെക്കുറിച്ച് എനിക്ക് വിവരം ലഭിച്ചില്ല. വിവേകം അദ്ദേഹത്തിൽ മികച്ച് നിൽക്കും. അദ്ദേഹത്തോടുള്ള അവിവേകിയുടെ പെരുമാറ്റം അദ്ദേഹത്തെ കൂടുതൽ വിവേകമുള്ളവനാക്കും. ഇവയായിരുന്നു അവ രണ്ടും. ഇതോടെ അവ രണ്ടും തീർച്ചയായും ഞാൻ പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. ഉമർ, താങ്കളെ ഞാൻ സാക്ഷിയാക്കുന്നു: തീർച്ചയായും ഞാൻ അല്ലാഹുവെ ആരാധ്യനായും ഇസ്‌ലാമിനെ മതമായും മുഹമ്മദിനെ പ്രവാചകനായും തൃപ്തിപ്പെട്ടിരിക്കുന്നു."

സെയ്ദ് ഇബ്നു സ്അ്ന വീണ്ടും പറഞ്ഞു: 'ഉമർ, താങ്കളെ ഞാൻ സാക്ഷിയാക്കുന്നു. ഞാൻ വലിയ സമ്പന്നനാണ്. എന്റെ സമ്പത്തിന്റെ പകുതി ഞാൻ മുസ്‌ലിംകൾക്ക് ദാനമായി നൽകുന്നു.'

ഉമർﷺപറഞ്ഞു: 'മുസ്‌ലിംകളിൽ ചിലർക്ക് നൽകുക. കാരണം, താങ്കളുടെ സമ്പത്ത് അവർക്കെല്ലാവർക്കും തികയില്ല.'

ഞാൻ പറഞ്ഞു: 'എങ്കിൽ അവരിൽ ചിലർക്ക്.'

അങ്ങനെ അവരിരുവരും തിരുദൂതരുടെ അടുത്തേക്ക് മടങ്ങി. സെയ്ദ് തിരുദൂതരുടെ മുമ്പിൽ ഇപ്രകാരം പ്രഖ്യാപിച്ചു: 'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു' (യഥാർഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരും ഇല്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു).'



ഈ സംഭവത്തിൽനിന്നും മനസ്സിലാക്കാൻ ഒട്ടേറെ കാര്യങ്ങളുണ്ട്.

ഒന്ന്) സെയ്ദ് ഇബ്നു സഅ്നﷺയുടെ സത്യാന്വേഷണത്തിന്റെ പരിസമാപ്തിയും ഇസ്‌ലാം ആശ്ലേഷണവും.

രണ്ട്) പ്രവാചകൻﷺയുടെ വിനയവും വിവേകവും പ്രവാചക മഹത്ത്വം വിളിച്ചറിയിക്കുന്നു.

മൂന്ന്) കടം വാങ്ങിയത് തിരിച്ച് കൊടുക്കുമ്പോൾ കാണിക്കേണ്ട മര്യാദ, ലഭിച്ചതിനെക്കാൾ കൂടുതൽ തിരിച്ച് നൽകൽ ഉത്തമമാണ്.

നാല്) ദാനധർമം നൽകുന്നതിലെ താൽപര്യം.

പ്രശസ്ത താബിഈ പണ്ഡിതനായ മുജാഹിദ് ഇബ്നുജബർ(റഹി) അബ്ദുല്ലാഹ് ഇബ്നുഉമറിﷺ നോടൊത്തുള്ള തന്റെ ജീവിതത്തിലെ അനർഘനിമിഷങ്ങളെ അനാവരണം ചെയ്യുന്നുണ്ട്. അതിൽ ഒരു സംഭവം ഇങ്ങനെയാണ്:

അബ്ദുല്ലാഹ് ഇബ്നുഉമർﷺ ഒരാളോട് ഏതാനും ദിർഹമുകൾ കടം വാങ്ങി. പിന്നീട് അതിനെക്കാൾ നല്ല ദിർഹമുകൾ നൽകി കടംവീട്ടി. ആ വ്യക്തി പറഞ്ഞു: 'അബൂ അബ്ദുർറഹ്മാൻ! ഞാൻ താങ്കൾക്ക് കടം നൽകിയതിനെക്കാൾ മുന്തിയ ദിർഹമുകളാണല്ലോ ഇവ!' അപ്പോൾ ഇബ്നുഉമർﷺ പ്രതികരിച്ചു: 'എനിക്കറിയാം, എന്നാൽ എന്റെ മനസ്സ് അതിൽ പൊരുത്തപ്പെട്ട നിലയ്ക്കാണത് നൽകിയിട്ടുള്ളത്.'

അബ്ദുല്ലാഹ് ഇബ്നുഉമർﷺ പറയാറുള്ളതായി മുജാഹിദ്ﷺ നിവേദനം ചെയ്യുന്നു: "ഭൗതികതയിൽ നിന്ന് ഒരാളും ഒന്നും നേടുകയില്ല; അല്ലാഹുവിങ്കൽ അവന്റെ പദവി കുറയാതെ. അവൻ അല്ലാഹുവിങ്കൽ ആദരണീയനാണെങ്കിലും ശരി." **(അവസാനിച്ചില്ല)**



സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി

# സ്വവർഗലൈംഗികതയുടെ 'പ്രൈഡും' സംസ്‌കാരം നേരിടുന്ന വെല്ലുവിളിയും

**ലൈംഗിക അച്ചടക്കമില്ലായ്മ അപമാനത്തിന്റെയും മാനഹാനിയുടെയും അടയാളമായിട്ടാണ് വിവേകമതികൾ കണക്കാക്കുന്നത്. എന്നാൽ മറച്ചുപിടിക്കേണ്ടതോ ശുദ്ധപ്രകൃതിക്ക് യോജിക്കാത്തതോ ആയ വസ്തുതകളെ അനാവശ്യമായി ഉദാത്തവൽക്കരിച്ച് മനുഷ്യന്റെ സാംസ്‌കാരിക ബോധത്തെ അപഹസിക്കുകയാണ് സ്വവർഗ ലൈംഗികതയെ 'പ്രൈഡ്' ആയി കാണുന്നതിലൂടെ ഒരുകൂട്ടം ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നത്.**

പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും വിവിധ മത സമൂഹങ്ങളും വലിയ കുറ്റകൃത്യമായും അപമാനമായും ലോകത്തെ ബോധ്യപ്പെടുത്തിയ കാര്യമാണ് സ്വവർഗ ലൈംഗികത. ദൈവികശിക്ഷക്ക് കാരണമായ ഒരു പാപമായി ഇതിനെ അവർ കാണുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യംവരെ ഈ അവബോധം സമൂഹ ത്തിൽ മാറ്റങ്ങളില്ലാതെ തുടർന്നുവന്നു. അതുകൊ ണ്ടുതന്നെ ലോകത്തെ പ്രമുഖ രാജ്യങ്ങളെല്ലാം, മു

തലാളിത്ത, കമ്യൂണിസ്റ്റ്, മുസ്‌ലിം, ജനാധിപത്യ വ്യത്യാസങ്ങളില്ലാതെ സ്വവർഗലൈംഗികതയെ നിഷിദ്ധമായി കണ്ടു. ഇരുപതാം നൂറ്റാണ്ട് അവസാനിക്കുന്നതോടെ പല രാജ്യങ്ങളും അത് നിയമവിധേയമാക്കി. കാലം മാറിയപ്പോൾ അതൊരു പാപമോ കുറ്റകൃത്യമോ അല്ലെന്ന ബോധം ചിലർ വളർത്തിയെടുത്തു. സ്വവർഗലൈംഗികതയിലൂടെ ജീവിതം നയിക്കുന്നവർ അതിനെ 'അഭിമാന'മായി മറ്റുള്ളവർക്ക് മുമ്പിൽ അവതരിപ്പിക്കാൻ തുടങ്ങി. കുറേകാലമായി അവർ ജൂൺ മാസം 'അഭിമാനമാസ'മായി (Pride Month) ആഘോഷിച്ചും ആചരിച്ചും വരുന്നു. മഴവിൽ വർണങ്ങളിൽ തീർത്ത പതാകയേന്തിക്കൊണ്ടും 'ലവ് വിത് പ്രൈഡ്' തുടങ്ങിയ പരസ്യവാചകങ്ങൾ പ്രചരിപ്പിച്ചുകൊണ്ടുമാണ് അവർ ജൂൺ മാസം കൊണ്ടാടുന്നത്.

### 'പ്രൈഡ്' ചരിത്രം

അമേരിക്കയിലെ സ്വവർഗാനുരാഗികൾ 1969 ജൂൺ 28ന് ന്യൂയോർക്ക് സിറ്റിയിലെ മാൻഹട്ടനിലുള്ള ഗ്രീനിച്ച് വില്ലേജിൽ സ്ഥിതിചെയ്യുന്ന 'സ്റ്റോൺവാൾ ഇൻ' എന്ന കൂത്താട്ടകേന്ദ്രത്തിൽ ഒരുമിച്ചുകൂടി. പുരുഷ-പുരുഷ (Gay), സ്ത്രീ-സ്ത്രീ (Lesbian), ഉഭയവർഗ (Bisexual) ലൈംഗികതകൾ നിയമവിധേയമാക്കുന്നതിന് വേണ്ടി സമരം സംഘടിപ്പിക്കുവാനാണ് അവർ അവിടെ കൂടിയത്. അവർ നടത്തിയ സമരം അക്രമാസക്തമാകുകയും പോലീസുമായി ഏറ്റുമുട്ടുകയും സംഘർഷത്തിൽ കലാശിക്കുകയും ചെയ്തു. ഈ സംഘർഷം സ്വവർഗാനുരാഗികൾക്ക് ഊർജം പകർന്നു. അവർ സ്വവർഗലൈംഗികത അനുവദിച്ചുകിട്ടുന്നതുവരെ 'പോരാട്ടം' തുടർന്നു. 2015ൽ അമേരിക്കയും അതിനെത്തുടർന്ന് മറ്റു പല രാജ്യങ്ങളും 2018ൽ ഇന്ത്യയും അത് നിയമവിധേയമാക്കി. അങ്ങനെ ലോകത്തെ സ്വവർഗാനുരാഗികൾ എല്ലാ വർഷങ്ങളിലും ജൂൺ മാസത്തെ അവരുടെ 'പ്രൈഡ് മൻത്' ആയി ആചരിച്ചുവരുന്നു.

### അഭിമാനമല്ല; അപമാനം

'പ്രൈഡ്' എന്ന പദത്തിന് അഭിമാനം എന്ന അർഥമാണുള്ളത്. മനുഷ്യന്റെ അഭിമാനം നിലനിൽക്കുന്നത് അവൻ ആർജിച്ചെടുത്ത ബുദ്ധി, വിവേകം, സംസ്കാരം, സത്യസന്ധത തുടങ്ങിയ ഘടകങ്ങളിലാണ്. മനുഷ്യർക്ക് മുമ്പിൽ പരസ്യമായി പറയാവുന്ന കാര്യങ്ങളാണ് അഭിമാനത്തിന്റെ അടയാളങ്ങളായി ഗണിക്കപ്പെടുന്നത്. മറച്ചുപിടിക്കേണ്ടതോ ശുദ്ധപ്രകൃതിക്ക് അനുയോജ്യമല്ലാത്തതോ ആയ യാതൊന്നും അഭിമാനമായി ആരും കാണാറില്ല. വ്യക്തിയായിരുന്നാലും കുടുംബമായിരുന്നാലും ലൈംഗിക അച്ചടക്കമില്ലായ്മ അപമാനത്തിന്റെയും മാനഹാനിയുടെയും അടയാളമായിട്ടാണ് വിവേകമതികൾ കണക്കാക്കുന്നത്.

ലോകം പുരോഗമിക്കുന്നു എന്ന് അവകാശപ്പെടുമ്പോൾതന്നെ മനുഷ്യന്റെ സാംസ്കാരികബോധം കീഴ്പോട്ടുപോകുന്നു എന്നാണ് സ്വവർഗ ലൈംഗികതയെ നിയമവിധേയമാക്കുന്നതിലൂടെയും അതിനെ 'പ്രൈഡ്' ആയി കാണുന്നതിലൂടെയും സംഭവിച്ചിരിക്കുന്നത്.

### ലൈംഗികതയുടെ യാഥാർഥ്യം

മനുഷ്യന് സ്രഷ്ടാവ് നൽകിയിട്ടുള്ളത് വളരെ കൃത്യമായ കാര്യകാരണബന്ധങ്ങളിൽ അധിഷ്ഠിതമായ പ്രകൃതിവ്യവസ്ഥയാണ്. വിശപ്പുണ്ടാകുമ്പോൾ ആഹാരം കഴിക്കുന്നു. എന്നാൽ ആഹാരം കഴിക്കുന്നത് വിശപ്പ് ശമിപ്പിക്കുന്നതിനും ആസ്വാദനത്തിനും വേണ്ടി മാത്രമല്ല. അതിനെക്കാൾ മഹത്തായ ഒരു പ്രവർത്തനമാണ് ആഹരിക്കുന്നതിലൂടെ നടക്കുന്നത്. മനുഷ്യശരീരത്തിനാവശ്യമായ പോഷകങ്ങൾ നൽകി ശരീരത്തിന് ഊർജവും കരുത്തും പകർന്നുകൊണ്ട് ജീവൻ നിലനിർത്തുക എന്ന സുപ്രധാനമായ ദൗത്യമാണ് അത് നിർവഹിക്കുന്നത്. അതുപോലെ ലൈംഗികമായ ആഗ്രഹങ്ങളും മനുഷ്യപ്രകൃതിയുടെ ഭാഗമാണ്. ആഹരിക്കുന്നതുപോലെത്തന്നെ കേവലം വി

**'പ്രൈഡ്' എന്ന പദത്തിന് അഭിമാനം എന്ന അർഥമാണുള്ളത്. മനുഷ്യന്റെ അഭിമാനം നിലനിൽക്കുന്നത് അവൻ ആർജിച്ചെടുത്ത ബുദ്ധി, വിവേകം, സംസ്കാരം, സത്യസന്ധത തുടങ്ങിയ ഘടകങ്ങളിലാണ്. മനുഷ്യർക്ക് മുമ്പിൽ പരസ്യമായി പറയാവുന്ന കാര്യങ്ങളാണ് അഭിമാനത്തിന്റെ അടയാളങ്ങളായി ഗണിക്കപ്പെടുന്നത്. മറച്ചുപിടിക്കേണ്ടതോ ശുദ്ധപ്രകൃതിക്ക് അനുയോജ്യമല്ലാത്തതോ ആയ യാതൊന്നും അഭിമാനമായി ആരും കാണാറില്ല. വ്യക്തിയായിരുന്നാലും കുടുംബമായിരുന്നാലും ലൈംഗിക അച്ചടക്കമില്ലായ്മ അപമാനത്തിന്റെയും മാനഹാനിയുടെയും അടയാളമായിട്ടാണ് വിവേകമതികൾ കണക്കാക്കുന്നത്.**

കാരശമനമോ ആസ്വാദനമോ മാത്രമല്ല ലൈംഗിക ബന്ധങ്ങളിലൂടെ സംഭവിക്കുന്നത്. മറിച്ച് മനുഷ്യന്റെ പ്രജനനവും നിലനിൽപ്പും വളർച്ചയുമാണ് അത് നിർവഹിക്കുന്നത്. ഭൂമിയിൽ മനുഷ്യൻ നിർവഹിക്കുന്ന ഓരോ പ്രവൃത്തിക്കും മാതൃകാനുസാരമായ (Positive) ചില ലക്ഷ്യങ്ങളുണ്ട്. അത്തരം ലക്ഷ്യങ്ങൾക്ക് വിഘാതമായി നിൽക്കുന്ന പ്രവൃത്തികൾ മനുഷ്യപ്രകൃതിക്ക് ദോഷകരമായി ഭവിക്കുകയും അങ്ങനെ അത് ഭൂമിയുടെ തന്നെ പ്രകൃതി വ്യവസ്ഥയെ ദുഷിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് അത്തരം പ്രവൃത്തികളെ 'പ്രകൃതിവിരുദ്ധം' എന്ന് വിളിക്കുന്നത്.

### ആസ്വാദനവും മനുഷ്യപ്രകൃതവും

മനുഷ്യന്റെ ആസ്വാദനങ്ങളും അതിന്റെ പൂർത്തീകരണങ്ങളും എങ്ങനെയാവണമെന്ന് തീരുമാനിച്ചിട്ടുള്ളത് അവന്റെ സ്രഷ്ടാവാണ്. എന്ത് കഴിക്കണം, എന്ത് കഴിച്ചുകൂടാ, എന്ത് ഉടുക്കണം, എന്ത് ഉടുത്തുകൂടാ തുടങ്ങിയ കാര്യങ്ങളൊക്കെ മനുഷ്യന്റെ പ്രകൃതിയിൽതന്നെ സ്രഷ്ടാവ് സംവിധാനിച്ചിട്ടുണ്ട്. ക്വുർആൻ പറയുന്നു: "ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും എന്നിട്ട് അതിന് വഴികാണിക്കുകയും ചെയ്തവനാരോ അവനത്രെ രക്ഷിതാവ്" (20:50). ഏതൊരു വസ്തുവിനെ സ്രഷ്ടാവ് സൃഷ്ടിച്ചിട്ടുണ്ടോ അതിനെല്ലാം അവൻ വ്യവസ്ഥ നിർണയിക്കുകയും പ്രകൃതിക്ക് അനുയോജ്യമായ വിധത്തിൽ ജീവിക്കുവാനുള്ള ദർശനം നൽകുകയും ചെയ്തിട്ടുണ്ട് (87:23) എന്നും ക്വുർആൻ വ്യക്തമാക്കുന്നു.

### ലൈംഗികത ഒരു സ്വകാര്യത

ഇങ്ങനെ വളരെ കൃത്യമായി ലൈംഗികബന്ധങ്ങൾ അടക്കമുള്ള ഓരോ പ്രവർത്തനങ്ങൾക്കും കാര്യകാരണ ബന്ധങ്ങളിൽ അധിഷ്ഠിതമായ പ്രകൃതിയും നിയമവും സ്രഷ്ടാവ് ഒരുക്കിയിട്ടുണ്ട്. ലൈംഗികാവയവങ്ങൾ ഗോപ്യമാക്കിവെക്കണമെന്നത് സ്വാഭാവിക പ്രകൃതിയുടെ ഭാഗമാണ്. സ്വർഗത്തിൽവെച്ച് ആദമിനെയും ഹവ്വയെയും പിശാച് വഴിപിഴപ്പിക്കുവാൻ കണ്ടെത്തിയ മാർഗം അവരുടെ ലൈംഗികത പുറത്തേക്ക് കൊണ്ടുവരിക എന്നതായിരുന്നു. പൈശാചിക പ്രേരണയാൽ അവരറിയാതെ അവരുടെ ലൈംഗികത പുറത്തേക്ക് വന്നപ്പോൾ അവരിരുവരും ആ തോട്ടത്തിലെ ഇലകൾ കൂട്ടിചേർത്ത് തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി (ക്വുർആൻ 7:22). ഇലകൾ ചേർത്തുപിടിച്ച് അവരുടെ ലൈംഗികാവയവങ്ങളെ മറച്ചുപിടിക്കാൻ അവർക്ക് പ്രേരണ നൽകിയത് സ്രഷ്ടാവ് നൽകിയ ശുദ്ധപ്രകൃതിയാണ്.


### സ്രഷ്ടാവ് ഒരുക്കിയ ലൈംഗികവ്യവസ്ഥ

മനുഷ്യൻ മൃഗത്തെപോലെയല്ല. സാമാന്യ ബോധം (Common sense) അവനെ മൃഗങ്ങളിൽനിന്നും വേർതിരിക്കുന്നു. ബന്ധങ്ങളെ കുറിച്ചും അവസ്ഥകളെ കുറിച്ചുമെല്ലാം മനുഷ്യന് ശരിക്കും ബോധ്യമുണ്ട്. ജീവിതത്തിൽ മൂല്യങ്ങൾ ആവശ്യമാണ് എന്നുള്ളതുകൊണ്ടുതന്നെ മനുഷ്യന്റെ ലൈംഗികതയ്ക്ക് ചില അതിർവരമ്പുകളും ആവശ്യമാണ് എന്നാണ് പ്രസ്തുത ബോധ്യം മനുഷ്യനോട് പറയുന്നത്. അതിർവരമ്പുകൾ നിശ്ചയിക്കേണ്ടത് മനുഷ്യനെ കുറിച്ച് വ്യക്തമായി അറിയുന്ന അവന്റെ സ്രഷ്ടാവ് തന്നെയാണ്. തന്റെ ലൈംഗികതൃഷ്ണയെ എങ്ങനെ ശമിപ്പിക്കണമെന്നും ലൈംഗികാവയവങ്ങളെ ഉപയോഗിക്കേണ്ടത് എങ്ങനെയാണെന്നും മനുഷ്യന് അറിവ് നൽകുന്നത് സ്രഷ്ടാവാണ്. പ്രവാചകന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും അവനത് മനുഷ്യന് കൈമാറിയിട്ടുണ്ട്. ഓരോ വ്യക്തിക്കും ഇണയെ സൃഷ്ടിച്ചുകൊണ്ടാണ് സ്രഷ്ടാവ് ലൈംഗിക വ്യവസ്ഥ തയ്യാറാക്കിയിട്ടുള്ളത്. 'സ്രഷ്ടാവ് വ്യവസ്ഥ ചെയ്തുതന്നിട്ടുള്ള വിധത്തിൽ മാത്രം ലൈംഗികാവയവങ്ങളെ സൂക്ഷിക്കുന്നവരാണ് യഥാർഥ വിശ്വാസികൾ' (23:56) എന്നും 'അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽനിന്ന് തന്നെ ഇണകളെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രൻമാരെയും പൗത്രൻമാരെയും ഉണ്ടാക്കിത്തരികയും' ചെയ്തിരിക്കുന്നു എന്നും ക്വുർആൻ (16:72) പറയുന്നു. ലൈംഗികതയുടെ ലക്ഷ്യവും മാർഗവുമാണ് ക്വുർആൻ ഇവിടെ വിവരിച്ചിരിക്കുന്നത്.

### ഇണചേരലിലെ ധാർമികത

ഇണകളായി ജീവിക്കുന്നതിന്റെ താൽപര്യം കേവലം ആസ്വാദനങ്ങളല്ല. സ്നേഹവും പ്രണയവും മാത്രമല്ല. പ്രകൃതിപരമായ ഇണചേരൽ നടക്കുകയും അതിലൂടെ സ്രഷ്ടാവ് വിധിക്കുകയാണെങ്കിൽ സന്താനങ്ങളും തലമുറകളും ഉണ്ടാവുകയും ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനം. ഇണചേരൽ മനുഷ്യപ്രവൃത്തിയാണെങ്കിൽ സന്താനസൗഭാഗ്യം സ്രഷ്ടാവിന്റെ തീരുമാനം മാത്രമാണ്. അപ്പോൾ, ഇണകൾ ഒരേ ലിംഗത്തിൽനി

ന്നും സാധ്യമല്ലെന്ന് മനുഷ്യബുദ്ധിതന്നെ പറയും. സ്ത്രീ, പുരുഷ ലിംഗങ്ങളിൽപെട്ട രണ്ടുപേർക്ക് മാത്രമെ ഇണചേരാൻ സാധിക്കൂവെന്നും അവർ ഇണചേരുമ്പോൾ മാത്രമാണ് സന്താനലബ്ധിക്കുള്ള സാധ്യതയുണ്ടാവൂ എന്നുമുള്ള സത്യം മനുഷ്യന്റെ സാമാന്യബുദ്ധി നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. പ്രകൃതിവിരുദ്ധ വികാരങ്ങൾക്ക് മനസ്സിനെ കീഴ്പെടുത്തിയവർക്ക് അത് മനസ്സിലാക്കാൻ ഒരു പക്ഷേ സാധിക്കണമെന്നില്ല. ഒരേലിംഗത്തിൽ പെട്ട രണ്ടുപേർക്ക് പരസ്പരം ഇണചേരാനോ അതിലൂടെ തലമുറകളെ സൃഷ്ടിക്കുവാനോ സാധിക്കുകയില്ല. സ്വവർഗാനുരാഗങ്ങളിൽ ആർമാദിക്കുന്നവർ തങ്ങൾ ഈ ലോകത്ത് ജനിച്ചത് വിരുദ്ധലിംഗങ്ങൾ തമ്മിലുള്ള ഇണചേരലിലൂടെയായിരുന്നുവെന്നത് മറന്നുപോകുന്നു. ഇണചേരൽ കേവലം ചേഷ്ടകളല്ല, അത് പവിത്രമായ ധർമമായിരിക്കണം. പുരുഷനും സ്ത്രീയും തമ്മിൽ ബലമുള്ള കരാറുകളാൽ സ്ഥാപിക്കപ്പെട്ട വിവാഹത്തിലൂടെ മാത്രം ഇണചേരുമ്പോൾ അത് പവിത്രമായ ലൈംഗികബന്ധമായി മാറുന്നു. സ്ത്രീയും പുരുഷനും തമ്മിൽ വിവാഹം ചെയ്യപ്പെടുന്ന കരാറിനെ കുറിച്ച് 'ബലിഷ്ഠമായ കരാർ' എന്നാണ് ക്വുർആൻ പറയുന്നത്.




### വേദഗ്രന്ഥങ്ങൾ നൽകുന്ന ചരിത്രം

മാനവരാശിക്ക് തന്നെ വെല്ലുവിളിയായിത്തീർന്നിട്ടുള്ള സ്വവർഗഭോഗത്തിന്റെ ചരിത്രം ക്വുർആനും ഇതരവേദഗ്രന്ഥങ്ങളും വിശദീകരിക്കുന്നുണ്ട്. മനുഷ്യാരംഭ കാലങ്ങളിൽ ഇത് നിലനിന്നിരുന്നില്ല. പ്രവാചകൻ ലൂത്വി(ﷺ)ന്റെ കാലം മുതലാണ് ഈ നീചവൃത്തി തുടക്കം കുറിച്ചതെന്നാണ് ക്വുർആൻ പറയുന്നത്. 'നിങ്ങൾക്ക് മുമ്പ് ലോകരിൽ ഒരാളും തന്നെ ചെയ്തിട്ടില്ലാത്തതും സ്ത്രീകൾക്ക് പകരം പുരുഷന്മാരെ കാമവികാരത്തോടെ സമീപിക്കുന്നതുമായ നീചവൃത്തിയാണോ നിങ്ങൾ ചെയ്യുന്നത്?' എന്ന് ലൂത്ﷺ അവരോട് ചോദിച്ചപ്പോൾ അവർക്ക് അത് ഇഷ്ടപ്പെട്ടില്ല. അവർ അക്രമാസക്തരായി. 'ശുദ്ധി പാലിക്കുന്ന ലൂത്വിന്റെ ആളുകളെ രാജ്യത്ത്നിന്നും പുറത്താക്കുക' എന്നായിരുന്നു അവർ ആക്രോശിച്ചിരുന്നത്. ഇന്നും സ്വവർഗലൈംഗികതയിൽ ജീവിതം ഹോമിച്ചിട്ടുള്ളവരെ ഉപദേശിച്ചാൽ അവർ അക്രമാസക്തരാകുന്നത് കാണാം. എന്നാൽ ഭൂമിക്ക് വഹിക്കാനും സഹിക്കാനും സാധിക്കാത്ത ദുർവൃത്തികളിൽ ഏർപ്പെട്ട ലൂത്വിന്റെ ജനതയെ അല്ലാഹു നശിപ്പിക്കുകയാണുണ്ടായത്.

ലൂത് നബിﷺയും അദ്ദേഹത്തിന്റെ ജനതയും തമ്മിലുള്ള സംഭാഷണം ക്വുർആൻ വിവരിക്കുന്നുണ്ട്. ബൈബിളിലെ ഉൽപത്തി പുസ്തകം പത്തൊമ്പതാം അധ്യായത്തിലും ഏകദേശം അതേരൂപത്തിൽ തന്നെ പ്രതിപാദിക്കുന്നുണ്ട്. അത് വായിക്കുന്ന ഏതൊരാൾക്കും എത്രമാത്രമായിരുന്നു സ്വവർഗാനുരാഗത്തിന്റെ രോഗം പിടിപെട്ടിരുന്നവരുടെ ധാർമികനിലവാരമെന്ന് മനസ്സിലാക്കാം. ലൂത് നബിﷺയെ സന്ദർശിക്കാൻ മനുഷ്യരൂപത്തിലെത്തിയ മലക്കുകളെ കണ്ട അവർ തങ്ങളുടെ ലൈംഗികപൂരണത്തിന് അവരെ വിട്ടുകിട്ടണമെന്ന് ലൂത്വിനോട് ആവശ്യപ്പെടുകയായിരുന്നു. അദ്ദേഹം തന്റെ പെൺമക്കളെ നിങ്ങൾക്ക് വിവാഹം ചെയ്തുതരാമെന്ന് പറഞ്ഞുനോക്കിയെങ്കിലും തങ്ങളുടെ ഉദ്ദേശ്യം തനിക്കറിയാമെന്നിരിക്കെ എന്തിനീ വിലപേശൽ എന്നായിരുന്നു അവരുടെ നിലപാട്! അപ്പോൾ ലൂത്ﷺ അവരോട് ചോദിച്ച ഒരു ചോദ്യമുണ്ട്. 'നിങ്ങളിൽ വിവേകമുള്ള ഒരാളുമില്ലേ?' (11:7783). ഇതുതന്നെയാണ് എക്കാലവുമുള്ള സ്വവർഗാനുരാഗികളോട് ധാർമികതയും മനുഷ്യത്വവും സൂക്ഷിക്കുന്ന ജനങ്ങൾക്ക് ചോദിക്കാനുള്ളത്.

## നബിയുടെ താക്കീതുകൾ

മുഹമ്മദ് നബിﷺ സ്വവർഗരതിക്കെതിരെ ശക്തമായ ഉപദേശങ്ങൾ നൽകിയിട്ടുണ്ട്. തന്റെ സമുദായത്തിൽ സ്വവർഗാനുരാഗ ചിന്തകൾ ഉണ്ടാകുന്നതിനെ ഏറെ ഭയപ്പെടുന്നുവെന്നും സ്വവർഗരതിയിലേർപ്പെടുന്നവർക്ക് അല്ലാഹുവിന്റെ ശാപമാണ് ഉണ്ടാവുകയെന്നുമെല്ലാം അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. പ്രകൃതിവിരുദ്ധമായ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് വ്യഭിചാരത്തിലേർപ്പെടുന്നവർക്കുള്ളത് പോലെയുള്ള ശിക്ഷാവിധികളാണ് നടപ്പാക്കേണ്ടത് എന്നും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്.

## പ്രകൃതിവിരുദ്ധം അവകാശമോ?

സ്വവർഗാനുരാഗത്തെ ഒരു അവകാശമായി ആധുനിക ലോകത്തെ പല രാജ്യങ്ങളും കാണുന്നു. ഒരു വിഭാഗം സാമ്പത്തിക നേട്ടത്തിനും കുത്തഴിഞ്ഞ ജീവിതത്തിനും വേണ്ടി സ്വവർഗരതിയെ പ്രോത്സാഹിപ്പിക്കുമ്പോൾ മറ്റൊരുവിഭാഗം മനോരോഗങ്ങൾക്ക് അടിമപ്പെട്ടുകൊണ്ടാണ് ഇത്തരം ദുർവൃത്തികളിലേക്ക് പോകുന്നത്. മനോരോഗങ്ങൾക്ക് ചികിത്സയാണ് ആവശ്യമായിട്ടുള്ളത്. ചികിത്സ ആവശ്യമുള്ള മനോരോഗത്തെ ഒരു അവകാശമായി ചിത്രീകരിക്കുന്നത് അവരോടുള്ള ക്രൂരതയാണ്. മറ്റുള്ളവരെപ്പോലെ അന്തസ്സോടെ ജീവിക്കാൻ ആവശ്യമായ കൗൺസിലിംഗും മനഃശാസ്ത്രപരമായ സമീപനങ്ങളും ചികിത്സയും ലഭ്യമാക്കുന്നതിനുപകരം തോന്നിയപോലെ അവരെ ജീവിക്കാൻ അനുവദിക്കുന്നത് അവരോടുള്ള സ്നേഹമല്ല. പുരുഷനും സ്ത്രീയും വിവാഹം ചെയ്തുകൊണ്ടുള്ള ലൈംഗികജീവിതം നയിക്കുന്ന മുഖ്യധാരയിലേക്ക് അവരെ കൈപിടിച്ചുയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികളാണ് സർക്കാരുകളും മതങ്ങളും പൊതുസമൂഹവും നടപ്പാക്കേണ്ടത്.

## ചില ന്യായവാദങ്ങൾ

'സ്വവർഗലൈംഗിക ബന്ധം' അല്ല, മറിച്ച് 'ലൈംഗിക സ്വത്വം' എന്ന അംഗീകാരം മാത്രമാണ് 'പ്രൈഡ്' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് എന്ന ചില വ്യാഖ്യാനങ്ങൾ പ്രസ്തുത വിഭാഗങ്ങൾ പറയാറുണ്ട്. സ്ത്രീയോട് ലൈംഗികമായ അഭിനിവേശമില്ലാത്ത പുരുഷന്മാരും പുരുഷന്മാരോട് ലൈംഗിക അഭിനിവേശമില്ലാത്ത സ്ത്രീകളും ഉള്ളതുകൊണ്ട് അവർക്ക് സാധാരണനിലക്കുള്ള വിവാഹം സാധ്യമല്ലെന്നും അങ്ങനെയുള്ളവരെ അത്തരം വിവാഹങ്ങൾക്ക് നിർബന്ധിക്കാൻ സാധിക്കില്ലെന്നും അവർ വാദിക്കുന്നു. അങ്ങനെ വിവാഹിതരായിട്ടുള്ളവരിലെ പലരുടെയും വിവാഹബന്ധം പിന്നീട് വിവാഹമോചനത്തിൽ കലാശിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും അവർ വാദിക്കുന്നു. ലൈംഗിക വികാരമില്ലാത്ത സ്ത്രീകളെയും പുരുഷന്മാരെയും നിർബന്ധിച്ച് വിവാഹം കഴിപ്പിക്കണമെന്ന് ആർക്കും അഭിപ്രായമില്ല. ലൈംഗികാസക്തിയില്ലാത്തവരെ കുറിച്ച് ക്വുർആനും (24:31) പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവിടുത്തെ പ്രശ്നം അതല്ല. 'ഗേ' എന്നാൽ പുരുഷനോട് ലൈംഗികാഭിനിവേശമുള്ള പുരുഷനാണ്. 'ലെസ്ബിയൻ' സ്ത്രീയോട് ലൈംഗികാഭിനിവേശമുള്ള സ്ത്രീയുമാണ്. ഇരുവർക്കും സ്വന്തം ലിംഗത്തിൽ പെട്ടവരോട് ലൈംഗികാഭിമുഖ്യമുണ്ട്. അതുകൊണ്ടുതന്നെ സ്വന്തം ലിംഗത്തിൽപെട്ടവരെ പങ്കാളികളായി അവർ സ്വീകരിക്കുന്നു. അവർ വിവാഹിതരാകുന്നു. അതിൽ അവർ അഭിമാനംകൊള്ളുകയും ചെയ്യുന്നു. അങ്ങനെ ലൈംഗികസ്വത്വം അംഗീകരിക്കപ്പെടുകയും മറ്റുള്ളവരെ പോലെ വിവാഹ ജീവിതം നയിക്കാൻ സാധിക്കുകയും ചെയ്യുക എന്ന അവസ്ഥ അംഗീകരിക്കപ്പെടുന്നതിനെയാണ് അവർ 'പ്രൈഡ്' ആയി കാണുന്നത്.



### മുഖ്യധാരയിലേക്കുള്ള കടന്നുവരവ്

ഇങ്ങനെ ഒരേലിംഗത്തിൽപെട്ടവർ വിവാഹിതരായോ അല്ലാതെയോ ലൈംഗിക പങ്കാളികളാകുന്നതിനെയാണ് ഇസ്‌ലാം വിലക്കിയത്. ക്വുർആനും അതിനുമുമ്പുള്ള വേദഗ്രന്ഥങ്ങളും വൻപാപമായി സമൂഹത്തെ താക്കീത് ചെയ്തതും അതുതന്നെയാണ്. പ്രത്യുത്പാദനപരമല്ലാത്തതും അസംഖ്യം വിപത്തുകൾ ക്ഷണിച്ചുവരുത്തുന്നതുമായ ഈ പ്രവൃത്തി അതുകൊണ്ടുതന്നെ മനുഷ്യപ്രകൃതിയോട് യോജിക്കാത്ത കാര്യമാണെന്ന് ലോകം പൊതുവിൽ തിരിച്ചറിഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യംവരെ ലോകം ഇതിനെ 'പ്രകൃതി വിരുദ്ധം' എന്നു വിശേഷിപ്പിച്ചതും ഈ കാരണങ്ങൾ കൊണ്ടുതന്നെയായിരുന്നു. മതാഭിമുഖ്യമുള്ള സമൂഹങ്ങൾ മാത്രമല്ല, മതരഹിതസമൂഹങ്ങളും സ്വവർഗലൈംഗിക സ്വത്വത്തെ അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. വ്യക്തമായ ദൈവികഅധ്യാപനങ്ങൾ വഴി 'ഫാഹിശത്ത്' (Obscene) ആയി പഠിപ്പിക്കപ്പെട്ടതുകൊണ്ടായിരുന്നു മതസമൂഹങ്ങൾ അതിനെ അംഗീകരിക്കാതിരുന്നതെങ്കിൽ മറ്റുസമൂഹങ്ങൾ അതിനെ മനോവൈകല്യമായിട്ടായിരുന്നു കണ്ടിരുന്നത്. അതുകൊണ്ടുതന്നെ 1952ൽ പോലും അതിനെ 'മാനസിക വൈകല്യങ്ങളുടെ രോഗലക്ഷണ സ്ഥിതിവിവരണ' മാന്വലിൽ (DSM) അമേരിക്കൻ സൈക്കിയാട്രിക് അസോസിയേഷൻ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് ചില പഠനങ്ങളിൽ നിന്നും ഇത് മനോരോഗമല്ലെന്ന നിഗമനത്തിൽ അവർ എത്തുകയും 1973ൽ ഡിഎസ്എമ്മിൽനിന്നും സ്വവർഗ ലൈംഗികതയെ നീക്കം ചെയ്യുകയും ചെയ്തു. അങ്ങനെ സ്വവർഗ ലൈംഗികത മാനസികരോഗമല്ലെന്നും പ്രകൃതിപരമായ മാനസിക ആരോഗ്യത്തോടും സാമൂഹിക ക്രമീകരണത്തോടും പൊരുത്തപ്പെടുന്നതാണെന്ന് (compatible with normal mental health and social adjustment) അവർ രേഖപ്പെടുത്തി. ഇത് പിന്നീട് 1990ൽ ലോകാരോഗ്യ സംഘടനയും അംഗീകരിച്ചു. സ്വവർഗ ലൈംഗികതയ്ക്ക് 'പ്രൈഡ്' നൽകാൻ ശ്രമിക്കുന്നവർ ഈ ന്യായവാദം പ്രധാനമായും ഉയർത്തിക്കാണിക്കാറുണ്ട്.

### മനസ്സ് അനുമാനങ്ങൾക്കുമപ്പുറം

മാനസിക വൈകല്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടത്തപ്പെടുന്ന ശാസ്ത്ര പഠനങ്ങൾ പലതും അനുമാനങ്ങളും നിഗമനങ്ങളുമാണ്. അത് യാഥാർഥ്യമായിക്കൊള്ളണമെന്നില്ല. കാരണം മനുഷ്യന്റെ മനസ്സുമായും ആത്മാവുമായും ബന്ധപ്പെട്ടുകിടക്കുന്ന കാര്യങ്ങളിൽ നേരിട്ട് പഠനം നടത്തി കണ്ടുപിടിക്കാൻ മനുഷ്യൻ അശക്തനാണ്. മനസ്സുമായി ചുറ്റിപ്പിണഞ്ഞുകിടക്കുന്ന കാര്യങ്ങൾ മനുഷ്യനെ സംബന്ധിച്ചിടത്തോളം അതിസങ്കീർണമാണ്. മനസ്സിനെ കുറിച്ച് പ്രവാചകന്മാർ വഴി മനുഷ്യർക്ക് നൽകപ്പെട്ട അറിവുകൾക്കപ്പുറം ഗവേഷണം നടത്തി നൂറു ശതമാനം ശരിയെന്ന് തീരുമാനിക്കാൻ മാത്രമുള്ള കഴിവ് മനുഷ്യന് നല്കപ്പെട്ടിട്ടില്ല. ചില അനുമാനങ്ങളും നിഗമനങ്ങളുമൊക്കെയാവാം. അത്തരത്തിലുള്ള ചില നിഗമനങ്ങളിലാണ് അമേരിക്കൻ സൈക്കിയാട്രിക് അസോസിയേഷനും ലോകാരോഗ്യ സംഘടനയുമെല്ലാം എത്തിച്ചേർന്നിട്ടുള്ളത്.

ഇങ്ങനെ മനുഷ്യന് സ്വയം ഗവേഷണം നടത്തുന്നതിൽ പരിമിതിയുള്ള മനസ്സ്, ആത്മാവ് തുടങ്ങിയ കാര്യങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ അവ പൈശാചിക പ്രേരണയാലുള്ള ദുഷ്ടതക്കും ദൈവികപ്രേരണയാലുള്ള സൂക്ഷ്മതക്കും വിധേയമാണെന്ന് ക്വുർആൻ പറയുന്നുണ്ട് (91:78). മനസ്സിൽ ദുഷ്ടതയും സൂക്ഷ്മതയും ഉണ്ടാവുക സ്വാഭാവികമാണെന്നർഥം. മനസ്സിന് ദുഷ്ടത സമ്മാനിക്കുന്നത് മനസ്സുകളിൽ ദുർമന്ത്രണം നടത്തിക്കൊണ്ടിരിക്കുന്ന പിശാചാണ്. (ക്വുർആൻ 114:5). അതുകൊണ്ടുതന്നെ മനസ്സിന് സ്വാഭാവികമെന്ന് തോന്നുന്ന കാര്യങ്ങളെല്ലാം മനുഷ്യപ്രകൃതിയുടെ ഭാഗമാണെന്ന് കരുതാൻ നിർവാഹമില്ല. പൈശാചികതയോടുള്ള ആഭിമുഖ്യം മാത്രമാണത്. ദുഷ്പ്രവൃത്തികളോടുള്ള ആഭിമുഖ്യം മനുഷ്യമനസ്സിന്റെ സവിശേഷതയാണെന്നും പ്രത്യേകമായ ദൈവികാനുഗ്രഹം ലഭിച്ചവർക്ക് മാത്രമെ അതിൽ നിന്നും മുക്തമാവാൻ കഴിയൂവെന്നും ക്വുർആൻ (12:53) വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഗേ, ലെസ്ബിയൻ, ബൈസെക്ഷ്വൽ തുടങ്ങിയ വിഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ലൈംഗികബോധങ്ങൾ സ്വാഭാവികവും പ്രകൃതിപരവും എന്നു വ്യാഖ്യാനിക്കുന്നത് ഒട്ടും സൂക്ഷ്മതയില്ലാത്തതാണ്. അവ പൈശാചിക പ്രേരണയാൽ സംഭവിക്കുന്നതാണ്.

### പൈശാചിക ബോധനം ലൈംഗികതയെ വഴിതെറ്റിക്കുന്നു


ഇങ്ങനെ പറയുന്നത് പ്രസ്തുത വിഭാഗങ്ങളെ ആക്ഷേപിക്കുന്നതിനു വേണ്ടിയല്ല. കാരണം പൈശാചിക ബോധനം മനുഷ്യസമൂഹത്തെ മുഴുവൻ ചൂ

ഴ്ന്നുനിൽക്കുന്നതാണ്. സ്വവർഗലൈംഗികതയിൽ ആഭിമുഖ്യമില്ലാത്ത, സാധാരണ സ്ത്രീ-പുരുഷ വിവാഹത്തോട് ആഭിമുഖ്യമുള്ളവരിലും പലതരത്തിലുള്ള ലൈംഗിക വൈകൃതങ്ങൾ കാണപ്പെടാറുണ്ട്. അവയും പൈശാചിക പ്രേരണയാൽ സംഭവിക്കുന്നതാണ്. ഗുദരതിയും ആർത്തവരതിയും മൃഗരതിയും ഇങ്ങനെയുള്ള പൈശാചികതയുടെ ഭാഗമാണ്. സ്വന്തം ഇണയല്ലാത്ത മറ്റൊരാളോട് തോന്നുന്ന ലൈംഗികാഭിമുഖ്യവും പൈശാചികതയാണ്. പ്രകൃതിപരമായ ഇണചേരൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം വ്യക്തമായ കരാറുകളോടെയും ഉത്തരവാദിത്തത്തോടെയും അംഗീകരിച്ചിട്ടുള്ള സ്വന്തം ഇണയോട് മാത്രമായിരിക്കണമെന്നതാണ് ശരിയായ പ്രകൃതി. അതല്ലാത്തവയെല്ലാം ശുദ്ധപ്രകൃതിയോട് യോജിക്കാത്തതും പൈശാചികതയുമാണ്.

ശവശരീരങ്ങളോട് പോലും ഉണ്ടാകുന്ന ലൈംഗികാസക്തി (Necrophilia), മൃഗങ്ങളോട് തോന്നുന്ന ലൈംഗികാഭിനിവേശം (Bestialtiy), പിഞ്ചുകുഞ്ഞുങ്ങളോട് തോന്നുന്ന ലൈംഗിക തൃഷ്ണ (paedophilia), സ്വന്തം സഹോദരങ്ങളും മാതാപിതാക്കളും അടക്കമുള്ള കുടുംബാംഗങ്ങളോട് തോന്നുന്ന കാമം (Incest), വ്യഭിചാരത്തോടുള്ള താല്പര്യം (Adultery), മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള താൽപര്യം തുടങ്ങി പലതരത്തിലുള്ള അറിയപ്പെട്ട ആസക്തികൾ സമൂഹത്തിലുണ്ട്. ഇവയെല്ലാം പഠനങ്ങൾ നടത്തിവരുമ്പോൾ മനുഷ്യരിൽ അന്തർലീനമായ നൈസർഗികതയുടെ ബഹിസ്ഫുരണങ്ങളായി വേണമെങ്കിൽ വ്യാഖ്യാനിക്കാൻ സാധിക്കും. എന്നാൽ ഇവ മനുഷ്യനെ ആത്യന്തികമായി നശിപ്പിക്കുന്നതും അവനിലെ മനുഷ്യൻ എന്ന അവസ്ഥയെ ഇല്ലാതാക്കുകയും ചെയ്യുന്നതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഇങ്ങനെയുള്ള മാനസികാവസ്ഥയിലേക്ക് മനുഷ്യരെ കൊണ്ടുപോകുന്നത് അവരുടെ സ്വാഭാവിക മനസ്സാണെന്ന് പറഞ്ഞൊപ്പിക്കുന്നത് അസംബന്ധമാണ്. മറിച്ച് പലതും സാഹചര്യങ്ങളിലൂടെയാണ് സൃഷ്ടിക്കപ്പെടുന്നത്.

## സാഹചര്യങ്ങളെ ഇല്ലാതാക്കുക

സ്വവർഗലൈംഗികതക്ക് പലപ്പോഴും കാരണമാകുന്നത് വിവാഹം കഴിക്കാതെ ജീവിക്കുന്ന പുരുഷക്കൂട്ടങ്ങളുടെ സമ്മേളനങ്ങളാണ്. ഉള്ളിൽ അടിഞ്ഞുകൂടിയ ലൈംഗികതൃഷ്ണ പുറത്തേക്ക് വരുമ്പോൾ കൂടെ കഴിയുന്ന മറ്റൊരു പുരുഷനുമായി പങ്കുവെക്കാൻ നിർബന്ധിക്കപ്പെടുകയും അതിൽ ആസ്വാദനം കണ്ടെത്തുകയും അങ്ങനെ അത് ശീലമാവുകയും ചെയ്യുന്നു. പിന്നീട് വിവാഹത്തോടോ സ്ത്രീപങ്കാളിയോടോ താൽപര്യമില്ലാതാവുകയും ചെയ്യുന്നു. ജയിലുകൾ, മിലിട്ടറി ക്യാമ്പുകൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥലങ്ങൾ സ്വവർഗ ലൈംഗികതയുടെ കേന്ദ്രങ്ങളാകുന്നത് സ്വാഭാവിക പ്രകൃതിയുടെ ഭാഗമായിട്ടല്ല, മറിച്ച് സാഹചര്യസമ്മർദങ്ങളുടെ ഫലമായിട്ടാണ്. ഇന്ത്യയിൽ സ്വവർഗ ലൈംഗികത നിയമവിധേയമാക്കുവാനുണ്ടായ കാരണങ്ങളിൽ ഒന്ന് തിഹാർ ജയിലിലെ സംഭവങ്ങളായിരുന്നു. ഡൽഹിയിലെ തിഹാർ ജയിലിലെ അന്തേവാസികൾക്കിടയിൽ നിലനിന്നിരുന്ന സ്വവർഗരതിയെ നിയന്ത്രിക്കാൻ തിഹാർ ജയിലിലേക്ക് ഗർഭനിരോധന ഉറകൾ തടഞ്ഞുകൊണ്ട് 1994ൽ അന്നത്തെ ജയിൽ ഐ.ജി കിരൺ ബേദി ഉത്തരവിറക്കിയതിനെ തുടർന്നാണ് സ്വവർഗാനുരാഗികൾ ഇന്ത്യയിൽ സംഘടിച്ചു തുടങ്ങിയത്. ജയിലിലേക്ക് പോകുന്നതിന് മുമ്പ് ഇവരാരും സ്വവർഗാനുരാഗികൾ ആയിരുന്നില്ല.



**മോചനം എങ്ങനെ?**

അതുകൊണ്ട് മനുഷ്യർ സ്വവർഗലൈംഗികതയിലേക്ക് വഴിതെറ്റിപ്പോകാതിരിക്കാനുള്ള നടപടികളാണ് ആവശ്യമായിട്ടുള്ളത്. അവർക്ക് പ്രകൃതിപരമായി സ്രഷ്ടാവ് നൽകിയിട്ടുള്ള ലൈംഗികത ആസ്വദിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയാണ് വേണ്ടത്. രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്വാബ്ؓ പട്ടാളക്കാർക്ക് മൂന്ന് മാസത്തിലൊരിക്കൽ അവധി അനുവദിക്കാനുണ്ടായ കാരണം അവരുടെ ലൈംഗിക അച്ചടക്കത്തിനുകൂടിയായിരുന്നു എന്നത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. അച്ചടിക്കപ്പെട്ട മനഃശാസ്ത്ര തത്ത്വങ്ങളെ ആശ്രയിക്കുന്നതിന് പകരം പ്രകൃതിവിരുദ്ധ ലൈംഗികതകളിൽനിന്നും സ്വാഭാവിക ലൈംഗികതയിലേക്ക് മനുഷ്യരെ കൈപിടിച്ചുയർത്തിക്കൊണ്ടുവരാനുള്ള പ്രായോഗിക സമീപനങ്ങളാണ് ആവശ്യമായിട്ടുള്ളത്. സ്രഷ്ടാവിനെ കുറിച്ചും മരണാനന്തര ജീവിതത്തെ കുറിച്ചുമുള്ള ബോധം, ധാർമികതയെ കുറിച്ചുള്ള പാഠങ്ങൾ, പ്രജനനത്തിന്റെയും തലമുറസമ്പത്തിന്റെയും പ്രയോജനങ്ങൾ തുടങ്ങിയവ പകർന്നുകൊടുത്തുകൊണ്ട് മുഖ്യധാരയിലേക്ക് അവരെ ആനയിക്കുകയാണ് വേണ്ടത്.

അതേസമയം, എതിർലിംഗത്തോട് ഒട്ടും ലൈംഗികതാൽപര്യമില്ലാത്തവരുടെ മേൽ എതിർലിംഗത്തെ പങ്കാളിയായി സ്വീകരിക്കുന്നതിനായി അടിച്ചേൽപിക്കാൻ പാടുള്ളതുമല്ല. എന്നാൽ അവർ സ്വന്തം ലിംഗത്തിൽ പെട്ടവരെ പങ്കാളിയായി സ്വീകരിക്കുവാനും പാടില്ല. അത് നിഷിദ്ധമാണ്. ലൈംഗിക അച്ചടക്കം സ്വീകരിച്ച് ജീവിക്കുവാനുള്ള മാർഗം അവർക്കുവേണ്ടി ഒരുക്കുകയാണ് വേണ്ടത്. അങ്ങനെ ജീവിക്കുന്നവരെ പ്രത്യേക വിഭാഗമായി കാണേണ്ടതില്ല. പ്രത്യേക പേരുകളിൽ അവരെ വിളിക്കുന്നത് അവരെ അപമാനിക്കലായിരിക്കും.

**ലൈംഗിക അച്ചടക്കം പഠിപ്പിക്കുക**


ലൈംഗിക അച്ചടക്കം പഠിപ്പിക്കുന്നതിന് പകരം വഴിവിട്ട ജീവിതം അനുവദിച്ചുകൊടുക്കുകയാണെങ്കിൽ ഭാവിയിൽ ഇതിലും വലിയ ലൈംഗികവൈകൃതങ്ങളായിരിക്കും നമ്മുടെ സമൂഹത്തിൽ വ്യാപകമാവുക. സ്വവർഗ ലൈംഗികതയ്ക്ക് പുറമെ, നെക്രോഫീലിയ, പീഡോഫീലിയ, ബെസ്റ്റിയാലിറ്റി, ഇൻസെസ്റ്റ് തുടങ്ങിയ ലൈംഗിക വൈകൃതങ്ങളും മാനസിക സമ്മർദങ്ങളുടെ പേരിൽ അനുവദിച്ചുകൊടുക്കുകയാണെങ്കിൽ എന്തായിരിക്കും ലോകത്തിന്റെ അവസ്ഥ? സാംസ്കാരിക ബോധം അൽപമെങ്കിലുമുള്ള ഒരു സമൂഹത്തിന് ചിന്തിക്കാൻ പോലും സാധിക്കാത്ത ഇത്തരം കാര്യങ്ങൾ 'അവകാശങ്ങൾ' എന്ന പേരിൽ ലോകത്ത് വ്യാപകമാകുന്നത് എന്തുമാത്രം ലജ്ജാകരമാണ്! നാലാളുകളുടെ മുമ്പിൽ സംസാരിക്കാൻ പോലും സാധിക്കാത്ത അപമാനകരമായ ഷെയ്മുകളെ 'പ്രൈഡ്' എന്ന പേരിൽ അഭിമാനത്തോടെ എഴുന്നള്ളിക്കുന്നത് ഇഹലോകത്തെ ദുഷിപ്പിക്കുമെന്നും പരലോകത്ത് വമ്പിച്ച ശിക്ഷക്ക് കാരണമാകുമെന്നും മനസ്സിലാക്കാൻ സമൂഹം തയ്യാറാവേണ്ടതുണ്ട്.

**“ എതിർലിംഗത്തോട് ഒട്ടും ലൈംഗികതാൽപര്യമില്ലാത്തവരുടെ മേൽ എതിർലിംഗത്തെ പങ്കാളിയായി സ്വീകരിക്കുന്നതിനായി അടിച്ചേൽപിക്കാൻ പാടുള്ളതല്ല. എന്നാൽ അവർ സ്വന്തം ലിംഗത്തിൽ പെട്ടവരെ പങ്കാളിയായി സ്വീകരിക്കുവാനും പാടില്ല. അത് നിഷിദ്ധമാണ്. ലൈംഗിക അച്ചടക്കം സ്വീകരിച്ച് ജീവിക്കുവാനുള്ള മാർഗം അവർക്കുവേണ്ടി ഒരുക്കുകയാണ് വേണ്ടത്. അങ്ങനെ ജീവിക്കുന്നവരെ പ്രത്യേക വിഭാഗമായി കാണേണ്ടതില്ല. പ്രത്യേക പേരുകളിൽ അവരെ വിളിക്കുന്നത് അവരെ അപമാനിക്കലായിരിക്കും. ”**

അഭിമാനം ഉയർത്തിപ്പിടിക്കാൻ പ്രവാചകൻﷺ പറഞ്ഞ മാർഗം നിഷിദ്ധമോ അനുവദനീയമോ എന്ന് സംശയമുള്ള കാര്യങ്ങളിൽനിന്ന് പോലും വിട്ടുനിൽക്കുക എന്നതാണ്. അപ്പോൾ പിന്നെ, നിഷിദ്ധമെന്നു മാത്രമല്ല അങ്ങേയറ്റം അറപ്പുളവാക്കുന്ന കാര്യമെന്ന് ഉറപ്പുള്ള കാര്യങ്ങളിൽനിന്ന് എത്രയോ അകലെ നാം നമ്മെ കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. ദുഷിച്ച ചിന്തകളും കാഴ്ചപ്പാടുകളും സമൂഹത്തിൽ വ്യാപകമാകാതെ നോക്കാൻ പ്രകൃതിയെയും ധർമത്തെയും സ്നേഹിക്കുന്നവർക്ക് ബാധ്യതയുണ്ട്. അഭിമാനം സമരങ്ങളിലൂടെയല്ല, വിശ്വാസത്തിലൂടെ രൂപപ്പെടുന്ന സാംസ്കാരിക ഔന്നത്യത്തിലൂടെയാണ് നേടിയെടുക്കേണ്ടത്. സമൂഹത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന ദുഷ്പ്രവണതകളുടെ കൂടെക്കൂടി പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും പഠിപ്പിച്ച അഭിമാനബോധത്തെ നാം നശിപ്പിക്കരുത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ദുഃഖവർഷം

മുഹമ്മദ് നബിﷺ 26

## ശത്രുക്കൾ അബൂത്വാലിബിനെ വശീകരിക്കാൻ ശ്രമിക്കുന്നു

നബിﷺയെ പറ്റി മക്കക്കാർ പലതും പറഞ്ഞു പരത്തി. ആവുന്നത്ര ദ്രോഹിച്ചു. ബഹിഷ്കരണവും ഒറ്റപ്പെടുത്തലുമെല്ലാം പരീക്ഷിച്ചു. എല്ലാം പരാജയപ്പെടുകയാണ് ചെയ്തത്.

നബിﷺയിൽ വിശ്വസിക്കുന്ന ആളുകളുടെ എണ്ണം നാൾക്കുനാൾ അധികരിക്കാൻ തുടങ്ങി. നബിﷺ അക്കാലത്ത് അബൂത്വാലിബിന്റെ സംരക്ഷണയിലായിരുന്നു കഴിഞ്ഞിരുന്നത്. അബൂത്വാലിബിനെ വശീകരിച്ചാൽ മുഹമ്മദിന്റെ തേരോട്ടത്തിന് വിലങ്ങിടാം എന്ന് അവർ കരുതി. അങ്ങനെ അവർ അബൂത്വാലിബിനെ സമീപിക്കുകയാണ്. അവർ അദ്ദേഹത്തോട് പല കാര്യങ്ങളും പറഞ്ഞുനോക്കി. നിങ്ങൾ വളർത്തുന്ന നിങ്ങളുടെ ഈ മകൻ നാട്ടിൽ കുഴപ്പമുണ്ടാക്കുന്നവനാണ്. കുടുംബങ്ങളെയും സുഹൃത്തുക്കളെയും പരസ്പരം ഭിന്നിപ്പിക്കുന്നവനാണ്. നമ്മുടെ ആരാധ്യരെ ചീത്ത വിളിക്കുന്നവനാണ്. ഈ നാട്ടിൽ പല പ്രശ്നങ്ങൾക്കും

വിത്തുപാകിയവനാണ്. അതിനാൽ അവനോട് ഈ പ്രവൃത്തി നിർത്തിവെക്കാൻ പറയണം എന്നിങ്ങനെ പല കളവുകളും രോഷത്തോടെയും ഗൗരവത്തോടെയും അബൂത്വാലിബിനോട് അവർ (മക്കക്കാർ) സംഘമായി ചെന്ന് പറഞ്ഞു.

അബൂത്വാലിബ് നബിﷺയെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു: 'മോനേ, മക്കക്കാർ ഇങ്ങനെയും ഇങ്ങനെയുമെല്ലാം പറയുന്നു. നീ അവരുടെ ആരാധ്യരെ ചീത്ത പറയുന്നെന്നും സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്നെന്നും ഭിന്നിപ്പിക്കുന്നുവെന്നുമെല്ലാമാണ് അവർ പറയുന്നത്. അതിനാൽ നീ ഇത് അവസാനിപ്പിക്കണമെന്നും അല്ലെങ്കിൽ അവർക്ക് നിന്നെ വിട്ടുനൽകണമെന്നുമാണ് അവർ എന്നോട് ആവശ്യപ്പെടുന്നത്.' നബിﷺ അതിന് ശക്തമായ രൂപത്തിൽ മറുപടി നൽകി: 'അല്ലാഹു എന്നെ ഏൽപിച്ചിട്ടുള്ള ഉത്തരവാദിത്തത്തിൽനിന്ന് പിന്മാറുന്ന പ്രശ്നമില്ല.' ധീരമായ ആ മറുപടിക്ക് മുമ്പിൽ അബൂത്വാലിബ് പോലും പതറുകയായിരുന്നു. 'നീ നിന്റെ മാർഗത്തിലൂടെ മുന്നോട്ട് നീങ്ങുക. ഞാൻ നിനക്ക് രക്ഷക്ക് ഉണ്ടാകും' എന്നേ അബൂത്വാലിബിന് മറുപടി പറയാൻ സാധിച്ചുള്ളൂ!

> ഇസ്‌ലാമിനെതിരിൽ ശത്രുക്കളുടെ എല്ലാവിധ എതിർപ്പുകളും നിലനിന്നിരുന്ന കാലം. ശത്രുപാളയത്തിൽനിന്ന് പലരും സത്യം മനസ്സിലാക്കി നബിﷺയിൽ വിശ്വസിക്കാൻ തുടങ്ങി. ധീരന്മാരായ ഹംസ(റ), ഉമർ(റ) അടക്കം പലരും ഇസ്‌ലാമിലേക്ക് വന്നു. ഈ രണ്ടുപേരുടെയും ഇസ്‌ലാം സ്വീകരണം മുസ്‌ലിംകൾക്ക് ഏറെ കരുത്ത് പകർന്നു. വിശ്വാസികൾക്ക് എന്തെന്നില്ലാത്ത ഒരു വീര്യം വർധിച്ചു. മക്കയിൽ ഇസ്‌ലാമിക പ്രബോധനം ഇവരുടെ ഇസ്‌ലാം ആശ്ലേഷണത്തോടെ ശക്തി പ്രാപിച്ചു. ഇസ്‌ലാമിന്റെ സന്ദേശം ഓരോ വീട്ടിലേക്കും എത്തിത്തുടങ്ങി. ശത്രുക്കൾക്ക് ഇത് സഹിക്കാൻ കഴിഞ്ഞില്ല.

### ഹംസ(റ), ഉമർ(റ) എന്നിവർ ഇസ്‌ലാമിലേക്ക് വരുന്നു

ശത്രുക്കളുടെ എല്ലാവിധത്തിലുള്ള എതിർപ്പുകളും നിലനിന്നിരുന്ന കാലം. ശത്രുപാളയത്തിൽ നിന്ന് പലരും സത്യം മനസ്സിലാക്കി നബിﷺയിൽ വിശ്വസിക്കാൻ തുടങ്ങി. ധീരന്മാരായ ഹംസ(റ), ഉമർ(റ) അടക്കം പലരും ഇസ്‌ലാമിലേക്ക് വന്നു. ഈ രണ്ടുപേരുടെയും ഇസ്‌ലാം സ്വീകരണം മുസ്‌ലിംകൾക്ക് ഏറെ കരുത്ത് പകർന്നു. വിശ്വാസികൾക്ക് എന്തെന്നില്ലാത്ത ഒരു വീര്യം വർധിച്ചു. മക്കയിൽ ഇസ്‌ലാമിക പ്രബോധനം ഇവരുടെ ഇസ്‌ലാം ആശ്ലേഷണത്തോടെ ശക്തി പ്രാപിച്ചു. ഇസ്‌ലാമിന്റെ സന്ദേശം ഓരോ വീട്ടിലേക്കും എത്തിത്തുടങ്ങി. ശത്രുക്കൾക്ക് ഇത് സഹിക്കാൻ കഴിഞ്ഞില്ല.

### ഉപരോധവും ബഹിഷ്കരണവും

അബൂത്വാലിബനെക്കൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് അവർ ശ്രമിച്ചു നോക്കിയല്ലോ. അത് ഫലിച്ചില്ല. അവസാനം മക്കക്കാർ ഈ കുടുംബത്തിന് (ഹാശിം കുടുംബത്തിന്) മൊത്തത്തിൽ ബഹിഷ്കരണം പ്രഖ്യാപിച്ചു. അങ്ങനെ നബിﷺയുടെ കുടുംബക്കാരടക്കം വിശ്വാസികളും അല്ലാത്തവരുമെല്ലാം ശിഅ്ബ് അബീത്വാലിബ് താഴ്‌വരയിൽ ഉപരോധിക്കപ്പെടുകയുണ്ടായി. വിവാഹബന്ധം വിച്ഛേദിച്ചു. ഭക്ഷ്യസാധനങ്ങൾ നൽകലും വിൽക്കൽ-വാങ്ങലും നിർത്തലാക്കി. 'മുഹമ്മദിനെ ഞങ്ങൾക്ക് വിട്ടുതരുന്നതുവരെ ഞങ്ങൾ ഈ ഉപരോധം തുടരും' എന്ന് അവർ പ്രഖ്യാപിച്ചു. ഈ വിവരം മക്കക്കാരെ മുഴുവനും അറിയിക്കുന്നതിനായി കഅ്ബയിൽ ഇത് എഴുതിത്തൂക്കി. അറിഞ്ഞവർ അറിഞ്ഞവർ ഈ തീരുമാനം നടപ്പിൽവരുത്താൻ തുടങ്ങി. ക്വുറൈശികളുടെ ഈ ചെയ്തികൾ കണ്ടപ്പോൾ അബ്ദുമനാഫിന്റെ മക്കളായ ഹാശിമിന്റെയും മുത്ത്വലിബിന്റെയും മക്കൾ എല്ലാവരും അതിനെ പ്രതിരോധിക്കാൻ തീരുമാനിച്ചു. അവർ എല്ലാവരും നബിﷺക്ക് പിന്തുണ പ്രഖ്യാപിച്ചു. അന്ന് അവരിൽ വിശ്വസിച്ചവരും വിശ്വസിക്കാത്തവരും ഉണ്ടായിരുന്നു. അങ്ങനെ എല്ലാവരും ശിഅ്ബ് അബീത്വാലിബിലേക്ക് പോയി.

ഏകദേശം മൂന്ന് കൊല്ലക്കാലം ഈ സ്ഥിതി തുടർന്നു. പച്ചിലകളും വെള്ളവും കുടിച്ച് ജീവിക്കേണ്ട അവസ്ഥയുണ്ടായി. ഈ ബഹിഷ്കരണമോ ഉപരോധമോ വിശ്വാസികളിൽ യാതൊരു മാറ്റവും ഉണ്ടാക്കിയില്ല. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ഉറച്ചുനിന്നു. എന്നാൽ പിന്നീട് ക്വുറൈശികളിൽ ചിലർക്ക് തന്നെ പിന്നീട് മാനസാന്തരം സംഭവിക്കുകയാണ്. ഈ ബഹിഷ്കരണവും ഉപരോധവും നാം പിൻവലിക്കണം. എന്തിനാണ് ഈ പാവങ്ങളെ

ഇങ്ങനെ കഷ്ടപ്പെടുത്തുന്നത് എന്ന ചോദ്യം ഉയർന്നുവരാൻ തുടങ്ങി. നമ്മുടെതന്നെ ബന്ധത്തിലുള്ള പലരും ആ കൂട്ടത്തിൽ ഭക്ഷണവും വെള്ളവുമില്ലാതെ കഷ്ടപ്പെടുകയല്ലേ എന്ന് പരസ്പരം ചോദിച്ചു തുടങ്ങി. അല്ലാഹുവിന്റെ തീരുമാന പ്രകാരം അവർ അതിൽനിന്ന് പിന്മാറാൻ നിർബന്ധിതരായി. അവർ എടുത്ത കരാറുകൾ മാറ്റി എഴുതേണ്ടി വന്നു. അങ്ങനെ ആ ഉപരോധം അവർ പിൻവലിക്കുകയും ചെയ്തു.

### ദുഃഖകരമായ രണ്ട് സംഭവങ്ങൾ

ഉപരോധവും ബഹിഷ്‌കരണവും കഴിഞ്ഞ് പുറത്തുവന്ന നബിﷺയെ അങ്ങേയറ്റം വേദനിപ്പിച്ച രണ്ടു സംഭവങ്ങൾ ഉണ്ടായി. 'ദുഃഖവർഷം' എന്നാണ് ആ കൊല്ലം അറിയപ്പെട്ടത്.

നബിﷺയിൽ വിശ്വസിച്ചിട്ടില്ലെങ്കിലും എല്ലാ ഘട്ടങ്ങളിലും അവിടുത്തേക്കു താങ്ങും തണലുമായി വർത്തിച്ച ആളാണ് പിതൃവ്യൻ അബൂത്വാലിബ്.

അബ്ബാസ് ഇബ്നു അബ്ദിൽ മുത്ത്വലിബിؓൽനിന്ന് നിവേദനം; അദ്ദേഹം നബിﷺനോട് ചോദിച്ചു: 'അങ്ങയുടെ പിതൃവ്യനെക്കുറിച്ച് അവിടുന്ന് എങ്ങനെ സംതൃപ്തനാകും? കാരണം, തീർച്ചയായും അദ്ദേഹം അങ്ങയെ സംരക്ഷിക്കുകയും അങ്ങേക്ക് വേണ്ടി കോപിച്ചവനുമല്ലേ?' നബിﷺ പറഞ്ഞു: 'അദ്ദേഹം (അബൂത്വാലിബ്) നരകത്തിലെ ആഴം കുറഞ്ഞ സ്ഥലത്താകുന്നു. ഞാൻ ഇല്ലായിരുന്നെങ്കിൽ തീർച്ചയായും അദ്ദേഹം നരകത്തിലെ അടിത്തട്ടിൽ ആകുമായിരുന്നു.'

എല്ലാ അർഥത്തിലും നബിﷺക്ക് സംരക്ഷണം നൽകിയ പിതൃവ്യനായിരുന്നു അബൂത്വാലിബ്. നബിﷺക്ക് വേണ്ടി മറ്റുള്ളവരോട് അദ്ദേഹം ദേഷ്യപ്പെട്ടിട്ടുണ്ട്. നബിﷺക്ക് വേണ്ട സഹായങ്ങളെല്ലാം നൽകി വളർത്തിയ അബൂത്വാലിബിന്റെ വേർപാട് നബിﷺക്ക് അങ്ങേയറ്റത്തെ വിഷമം സൃഷ്ടിച്ചു.

നബിﷺയോട് ഇത്രയെല്ലാം അടുപ്പവും സ്നേഹവും കാണിച്ചിട്ടും അബൂത്വാലിബ് നബിﷺയിൽ വിശ്വസിച്ചിട്ടില്ലായിരുന്നു. നബിﷺയുടെ മനസ്സിൽ അത് എപ്പോഴും വലിയ സങ്കടമായി നീറിപ്പുകഞ്ഞിരുന്നു. ഒരിക്കൽ നബിﷺ അബൂത്വാലിബിനോട് അതിനെപ്പറ്റി ചോദിക്കുകയുണ്ടായി:

'ഞാൻ ഉപദ്രവിക്കപ്പെടാതിരിക്കാൻ ക്വുറൈശികളെ അങ്ങ് തടയുകയും എന്നിൽ വിശ്വസിക്കാൻ താങ്കൾ വിസമ്മതം കാണിക്കുകയുമാണല്ലോ.' അപ്പോൾ അബൂത്വാലിബ് ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവാണെ സത്യം, നമ്മെ മണ്ണിൽ വെക്കുന്നതുവരെ അവർ എല്ലാവരും കൂടി നിന്നിലേക്ക് വരികയില്ല. അതിനാൽ നിന്നോട് കൽപിച്ചത് മുറുകെപിടിച്ച് നീ മുന്നോട്ടുപോകുകയും അതുമുഖേന നീ സന്തോഷവാർത്ത അറിയിക്കുകയും കണ്ണുകൾക്ക് കുളിർമ ലഭിക്കുകയും ചെയ്യട്ടെ. നീ എന്നെ ക്ഷണിക്കുകയും നീ എനിക്ക് ഗുണകാംക്ഷിയാണെന്ന് പറയുകയും ചെയ്യുന്നു. അതെ, തീർച്ചയായും നീ സത്യമാണ് പറയുന്നത്. മുമ്പ് നീ അൽ അമീൻ ആയിരുന്നല്ലോ (വിളിക്കപ്പെട്ടിരുന്നത്). നീ (നിന്റെ) ദീൻ (എനിക്ക്) പ്രദർശിപ്പിക്കുകയുണ്ടായി. തീർച്ചയായും മതങ്ങളിൽ ഏറ്റവും നല്ലമതം അതാണെന്ന് നിനക്ക് അറിയുകയും ചെയ്യാമല്ലോ. ആക്ഷേപങ്ങളും ചീത്തപറച്ചിലുകളും ഇല്ലായിരുന്നെങ്കിൽ അതിൽ വളരെ ധൃതിയിൽ ഉറച്ച് വിശ്വസിക്കുന്നവനായി നിനക്ക് എന്നെ കാണാമായിരുന്നു.'

മുഹമ്മദ് നബിﷺ പറയുന്നത് സത്യമാണെന്ന് അബൂത്വാലിബ് എത്രത്തോളം മനസ്സിലാക്കിയിരുന്നു എന്നത് ഈ വരികളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. അദ്ദേഹം അങ്ങനെയെല്ലാം പറഞ്ഞിട്ടും വളരെ നിസ്സാരമായ ഒരു കാരണത്താലാണ് നബിﷺ വിശ്വസിക്കാൻ കൂട്ടാക്കാതിരുന്നത്. നബിﷺയുടെ കൂടെ ജീവിക്കാൻ ഭാഗ്യം ലഭിച്ചതുകൊണ്ടോ, ന



ബിﷺയെ കണ്ടതുകൊണ്ടോ ഒന്നും ഈമാൻ നുകരാൻ സാധിക്കണമെന്നില്ല. അതും അബൂത്വാലിബിന്റെ ജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കുന്ന ഒരു പാഠമാണ്. ഈമാൻ ഉൾക്കൊള്ളുക എന്നത് അല്ലാഹുവിൽനിന്നുള്ള ഒരു തൗഫീക്വാണല്ലോ. നാം എപ്പോഴും ശരിയായ ഈമാനിൽ നിലനിൽക്കാൻ ശ്രമിക്കുകയും അതിനുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത ഇത് ബോധ്യപ്പെടുത്തുന്നില്ലേ? സത്യം അറിഞ്ഞിട്ടും അതിനോട് കണ്ണടച്ച് ദേഹേച്ഛകളെ പിന്തുടരുന്ന എത്രയെത്ര ആളുകളുണ്ട്!

നബിﷺയെയും വിശ്വാസികളെയും കുടുംബക്കാരെയും മക്കക്കാർ ഉപരോധിച്ച് ഏകദേശം ആറു മാസം ആയപ്പോഴേക്ക് അബൂത്വാലിബ് ക്ഷീണിക്കാൻ തുടങ്ങി. വലിയ പ്രായമുള്ള ആളായിരുന്നു അന്ന് അദ്ദേഹം. അങ്ങനെ അദ്ദേഹം രോഗിയായി. ആ രോഗം അദ്ദേഹത്തെ മരണത്തിലേക്ക് എത്തിച്ചു.

സുഹ്‌രിﷺയിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "എന്നോട് സഈദുബ്നുൽമുസ്വയ്യിബ് തന്റെ പിതാവിൽനിന്ന് ഉദ്ധരിച്ച് പറഞ്ഞു: 'അബൂത്വാലിബിന് മരണം ആസന്നമായപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ അദ്ദേഹത്തിന്റെ അടുത്ത് വന്നു. അപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ നബിﷺ അബൂജഹ്‌ലിനെയും അബ്ദുല്ലാഹിബ്നു അബീ ഉമയ്യതുബ്നുൽ മുഗീറയെയും കാണുകയുണ്ടായി. അന്നേരം അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'പിതൃവ്യാ, ലാ ഇലാഹ ഇല്ലല്ലാഹു എന്ന വചനം പറയൂ. എന്നാൽ അല്ലാഹുവിങ്കൽ അതു മുഖേന എനിക്ക് നിങ്ങൾക്ക് വേണ്ടി സാക്ഷി നിൽക്കാമല്ലോ.' അബൂജഹ്‌ലും അബ്ദുല്ലയും (അപ്പോൾ) പറഞ്ഞു: 'ഓ, അബൂത്വാലിബ്, അബ്ദുൽ മുത്ത്വലിബിന്റെ മാർഗത്തോട് താങ്കൾ വിമുഖത കാണിക്കുകയാണോ?' അങ്ങനെ അബൂത്വാലിബ് അബ്ദുൽ മുത്ത്വലിബിന്റെ മാർഗത്തിൽതന്നെയാണെന്ന് അവസാനമായി അവരോട് പറയുന്നതുവരെ അല്ലാഹുവിന്റെ റസൂൽﷺ അദ്ദേഹത്തിന് അത് (ശഹാദത്ത് കലിമ) ചൊല്ലിക്കൊടുത്തുകൊണ്ടിരുന്നു. അദ്ദേഹം 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നു പറയാൻ വിസമ്മതം കാണിച്ചു. അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ഞാൻ താങ്കളെത്തൊട്ട് വിലക്കപ്പെടുന്നതുവരെ അല്ലാഹുവിനോട് താങ്കൾക്കുവേണ്ടി പാപമോചനം തേടുന്നതാണ്.' അപ്പോൾ അല്ലാഹു (ഈ ക്വുർആൻ വചനം) ഇറക്കി: 'പ്രവാചകനോ വിശ്വസിച്ചവർക്കോ ബഹുദൈവ വിശ്വാസികൾക്കായി പാപമോചനം തേടാവതല്ല' (9:113). അബൂത്വാലിബിന്റെ കാര്യത്തിലാണ് അല്ലാഹു (ഇത്) ഇറക്കിയത്. എന്നിട്ട് റസൂലിനോട് (അല്ലാഹു) പറഞ്ഞു: 'തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു' (28:56) (തഫ്‌സീറുത്ത്വബ്‌രി).

> **ലാ ഇലാഹ ഇല്ലല്ലാഹു എന്നതാണ് വിശ്വാസത്തിന്റെ കാതൽ. അത് മനസ്സറിഞ്ഞ് ഉൾക്കൊണ്ടവർ സ്വർഗത്തിൽ പ്രവേശിക്കും എന്ന് നബിﷺ അറിയിച്ചിട്ടുണ്ട്. അത് ആരുടെയെങ്കിലും അവസാന വചനമായാൽ അവന് സ്വർഗമുണ്ടെന്ന് അവിടുന്ന് സുവിശേഷം അറിയിക്കുകയും ചെയ്തിട്ടുണ്ട്. നബിﷺ അബൂത്വാലിബിന്റെ അവസാനസമയത്തും ഉപദേശിക്കാൻ തുനിഞ്ഞതും അല്ലാഹു തനിക്ക് വിലക്ക് ഏർപ്പെടുത്തുന്നതുവരെ അങ്ങേക്ക് വേണ്ടി അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുമെന്ന് പറഞ്ഞതും അബൂത്വാലിബിനോട് നബിﷺക്ക് ഉണ്ടായിരുന്ന അടങ്ങാത്ത സ്നേഹം കൊണ്ടായിരുന്നു.**

ഈ സംഭവം പ്രസിദ്ധരായ പല പണ്ഡിതന്മാരും ഉദ്ധരിച്ചിട്ടുണ്ട്. അബൂത്വാലിബിന് സത്യം ബോധ്യപ്പെട്ടിട്ടും ചങ്ങാതിമാരുടെ വെറുപ്പും അനിഷ്ടവും ലഭിക്കുന്നതിലെ വിഷമം കാരണമായി മരണസമയം വരെ അബ്ദുൽമുത്ത്വലിബിന്റെ മില്ലത്തിൽ ഉറച്ചുനിൽക്കുകയായിരുന്നു. അവസാന സമയത്ത് മുഹമ്മദ് പറയുന്നത് കേട്ട് ആ മാർഗത്തെ ഒഴിവാക്കി എന്ന് പിൽകാലത്ത് തന്നെപ്പറ്റി പറയുന്നത് ഓർത്തായിരുന്നു അബൂത്വാലിബ് നബിﷺയെ അനുസരിക്കാതെ പോയത്.

ലാ ഇലാഹ ഇല്ലല്ലാഹു എന്നതാണല്ലോ വിശ്വാസത്തിന്റെ കാതൽ. അത് മനസ്സറിഞ്ഞ് ഉൾക്കൊണ്ടവർ സ്വർഗത്തിൽ പ്രവേശിക്കും എന്ന് നബിﷺ അറിയിച്ചിട്ടുണ്ട്. അത് ആരുടെയെങ്കിലും അവസാന വചനമായാൽ അവന് സ്വർഗമുണ്ടെന്ന് അവിടുന്ന് സുവിശേഷം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ന

ബിﷺ അബൂത്വാലിബിന്റെ അവസാന സമയത്തും ഉപദേശിക്കാൻ തുനിഞ്ഞതും അല്ലാഹു തനിക്ക് വിലക്ക് ഏർപ്പെടുത്തുന്നതുവരെ അങ്ങേക്ക് വേണ്ടി അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുമെന്ന് പറഞ്ഞതും അബൂത്വാലിബിനോട് നബിﷺക്ക് ഉണ്ടായിരുന്ന അടങ്ങാത്ത സ്നേഹവും ഇഷ്ടവും കൊണ്ടായിരുന്നു. എന്നാൽ ബഹുദൈവ വിശ്വാസികളാണ് എന്ന് ബോധ്യമുണ്ടെങ്കിൽ അവർക്കായി നബിയോ വിശ്വസിച്ചവരോ അല്ലാഹുവിനോട് പാപമോചനത്തിനായി ചോദിക്കരുത് എന്ന ആയത്ത് ആ സമയത്ത് അല്ലാഹു ഇറക്കുകയും ചെയ്തു. നബിﷺക്ക് പോലും ഒരാളെ സന്മാർഗത്തിലാക്കാൻ കഴിയില്ല എന്ന് വ്യക്തം. അങ്ങനെ കഴിയുമായിരുന്നെങ്കിൽ നബിﷺ അബൂത്വാലിബിനെ ഹിദായത്തിലാക്കുമായിരുന്നു. അബൂത്വാലിബിനെ ഹിദായത്തിലായിക്കാണാൻ നബിﷺ ഏറെ മോഹിച്ചിരുന്നു. ആ മോഹം നടന്നില്ല. അങ്ങനെ അബൂത്വാലിബ് സത്യനിഷേധിയായിട്ടാണ് മരണപ്പെട്ടത്.

അബൂത്വാലിബ് മുസ്‌ലിമാകാതെയാണ് മരണപ്പെട്ടതെങ്കിലും നരകത്തിൽ ഏറ്റവും ചെറിയ ശിക്ഷ നൽകപ്പെടുന്നത് അബൂത്വാലിബിനായിരിക്കും. നരകത്തിൽതന്നെയാണ് എന്നത് നാം മറക്കരുത്. നബിﷺക്ക് വേണ്ട എല്ലാ സഹായ സഹകരണവും നൽകിയതിനാൽ അല്ലാഹു അദ്ദേഹത്തിന് മാത്രമായി ശിക്ഷയിൽ ഒരു ഇളവ് നൽകുന്നതാണ്. അതില്ലായിരുന്നെങ്കിൽ അദ്ദേഹം നരകത്തിലെ അടിത്തട്ടിൽ പതിക്കുമായിരുന്നു. നരകത്തിൽ ചെറിയ ശിക്ഷക്ക് അർഹനാകുന്ന അബൂത്വാലിബിന്റെ അവസ്ഥ തന്നെ ഭീതിയുളവാക്കുന്നതാണ്. തീയാലുള്ള ചെരുപ്പ് ധരിപ്പിക്കപ്പെടലാണ് ആ ശിക്ഷ. അത് ധരിക്കുമ്പോൾ അതിന്റെ ചൂടിന്റെ കാഠിന്യത്താൽ തലച്ചോറ് പോലും തിളക്കുന്നതാണ്!

ഏറെ താങ്ങും തണലുമായി വർത്തിച്ച തന്റെ പ്രിയപ്പെട്ട പിതൃവ്യന്റെ മരണം നബിﷺക്ക് അങ്ങേയറ്റത്തെ ദുഃഖമാണ് ഉണ്ടാക്കിയത്. അദ്ദേഹത്തിന്റെ മരണശേഷം ക്വുറൈശികൾ നബിﷺക്കെതിരിലുള്ള എതിർപ്പുകളും ഉപദ്രവങ്ങളും വർധിപ്പിച്ചു. അദ്ദേഹത്തിന്റെ മരണം കഴിഞ്ഞ് രണ്ടോ മൂന്നോ മാസത്തിന് ശേഷം നബിﷺയുടെ പ്രിയപത്നി, വിശ്വാസികളുടെ മാതാവ് ഖദീജ(റ)യും മരണപ്പെടുകയുണ്ടായി. നബിﷺയുടെ കൂടെ വിശ്വാസിനിയായി ജീവിച്ച, എല്ലാവിധ സഹായവും നൽകിയവരായിരുന്നു ഖദീജ(റ). നബിﷺതന്നെ അവരെപ്പറ്റി പറഞ്ഞത് നോക്കൂ:

"ജനങ്ങളെല്ലാവരും എന്നിൽ അവിശ്വസിച്ചപ്പോൾ എന്നിൽ വിശ്വസിച്ചവരാണ് അവർ. ജനങ്ങളെല്ലാവരും എന്നെ കളവാക്കിയപ്പോൾ എന്നെ സത്യപ്പെടുത്തിയവരാണ് അവർ. ജനങ്ങൾ എന്നെ തടഞ്ഞപ്പോൾ തന്റെ ധനത്തിൽ പങ്കാളിയാക്കിയവരാണ് അവർ. അവരല്ലാത്ത ഭാര്യമാർ സന്താനത്തെ തടഞ്ഞപ്പോൾ അവരിലൂടെയാണ് അല്ലാഹു എനിക്ക് സന്താനങ്ങളെ നൽകിയത്' (അഹ്മദ്).

ഖദീജ(റ)യുടെ മഹത്ത്വം അറിയിക്കുന്ന ഹദീഥുകൾ കാണാം:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ജിബ്‌രീൽ(അ) (ഒരിക്കൽ) നബിﷺയുടെ അടുക്കൽ വന്നു, എന്നിട്ടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇതാ ഖദീജ, നിങ്ങളുടെ (അടുത്ത് ഇപ്പോൾ) വരും. അവരുടെ അടുത്ത് ഒരു പാത്രമുണ്ട്. അതിൽ (എന്തോ) കറിയോ അല്ലെങ്കിൽ (എന്തോ) ഭക്ഷണമോ, അല്ലെങ്കിൽ വെള്ളമോ ഉ



ണ്ടായിരിക്കുന്നതാണ്. അതിനാൽ ഖദീജ അങ്ങയുടെ അടുത്ത് എത്തിയാൽ അവരുടെ റബ്ബിൽനിന്നും എന്നിൽനിന്നുമുള്ള സലാം അവരോട് അവിടുന്ന് പറയുകയും സ്വർഗത്തിൽ മുത്ത്-പവിഴത്താലുള്ള, ശബ്ദകോലാഹലമില്ലാത്ത, കഷ്ടപ്പാടില്ലാത്ത ഒരു വീടിനെ പറ്റി സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുക" (ബുഖാരി).

അല്ലാഹുവിൽനിന്നും ജിബ്‌രീലിൽനിന്നും സലാം ലഭിച്ച മഹതിയാണ് ഖദീജ ﵂. അവർക്കായി അല്ലാഹു സ്വർഗത്തിൽ മഹത്തരമായ ഒരു ഭവനം ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്.

നബിﷺയെ അങ്ങേയറ്റം സ്നേഹിച്ച ഖദീജ﵂യുടെ മരണംവരെ നബിﷺ മറ്റൊരു വിവാഹത്തെ പറ്റി ചിന്തിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. അത്ര കടുത്ത സ്നേഹത്തിലും ബന്ധത്തിലുമായിരുന്നു അവരുടെ ജീവിതം. അവരുടെ മരണവും നബിﷺക്ക് അങ്ങേയറ്റത്തെ പ്രയാസം ഉളവാക്കി.

നബിﷺയെ അക്രമിക്കുവാനും ദ്രോഹിക്കുവാനും ശത്രുക്കൾ മുന്നിട്ടിറങ്ങുമ്പോഴെല്ലാം ഒരു പ്രതിരോധം തീർത്ത ആളായിരുന്നു (വിശ്വാസിയായിരുന്നില്ലെങ്കിലും) അബൂത്വാലിബ്. അബൂത്വാലിബിന്റെ വിയോഗം ശത്രുക്കളുടെ മനസ്സുകളിൽ അൽപം ധീരത ഉടലെടുക്കാൻ കാരണമായി. മുഹമ്മദിനെ പ്രതിരോധിക്കാനും സംരക്ഷിക്കാനും ഇനി ആളില്ലെന്ന വിചാരം അവരിൽ ഉണ്ടാകാൻ തുടങ്ങി. അബൂത്വാലിബിന്റെ മരണത്തോടെ നബിﷺയെ അങ്ങേയറ്റം ദ്രോഹിക്കുവാനും പ്രയാസപ്പെടുത്തുവാനും അവിടുന്ന് നടത്തുന്ന ഇസ്‌ലാമിക പ്രബോധനത്തിന് തടസ്സം സൃഷ്ടിക്കുവാനും അവർ വെമ്പൽകൊണ്ടു. അതിനായി അവർ കച്ച കെട്ടിയിറങ്ങി.

തന്റെ പിതൃവ്യന്റെ വിയോഗം മുതലെടുത്ത് തനിക്കും അനുചരന്മാർക്കുമെതിരിൽ ക്വുറൈശി മുശ്‌രിക്കുകൾ നടത്തുന്ന അക്രമ വാഴ്ചയിൽ അവിടുന്ന് ഏറെ പ്രയാസപ്പെട്ടു. എന്നാലും നബിﷺ പതറിയില്ല. സത്യമാർഗത്തിൽ ഉറച്ചുനിന്നു. നബിﷺ പുതിയ ഒരു ദൗത്യത്തിന് ഒരുങ്ങാൻ ഉദ്ദേശിക്കുകയാണ് ചെയ്തത്.

അക്രമികളായ ഈ മക്കക്കാരിൽനിന്നും ഒന്നു മാറി, മറ്റൊരു പ്രദേശത്തേക്ക് ചെല്ലുകയും അവിടത്തുകാർക്ക് ഈ സന്ദേശം കൈമാറുകയും ചെയ്യുന്നതിനെപ്പറ്റി അവിടുന്ന് ചിന്തിച്ചു. അങ്ങനെ മക്കയിൽനിന്നും ഏതാനും അകലെ സ്ഥിതിചെയ്യുന്ന ത്വാഇഫിലേക്ക് അവിടുന്ന് പുറപ്പെടാൻ തീരുമാനിച്ചു. മക്കക്കാരെ പോലെയാകില്ല ആ പ്രദേശത്തുകാർ എന്നായിരുന്നു നബിﷺ ത്വാഇഫുകാരെ സംബന്ധിച്ച് ചിന്തിച്ചത്. അവിടെ നബിﷺയുടെ കുടുംബക്കാർ താമസിക്കുന്നുമുണ്ട്. പല പ്രമുഖന്മാരും വസിക്കുന്ന നാടുമാണ് ത്വാഇഫ്.

> **നബിﷺയെ അക്രമിക്കുവാനും ദ്രോഹിക്കുവാനും ശത്രുക്കൾ മുന്നിട്ടിറങ്ങുമ്പോഴെല്ലാം ഒരു പ്രതിരോധം തീർത്ത ആളായിരുന്നു അബൂത്വാലിബ്. അബൂത്വാലിബിന്റെ വിയോഗം ശത്രുക്കളുടെ മനസ്സുകളിൽ അൽപം ധീരത ഉടലെടുക്കാൻ കാരണമായി. മുഹമ്മദിനെ പ്രതിരോധിക്കാനും സംരക്ഷിക്കാനും ഇനി ആളില്ലെന്ന വിചാരം അവരിൽ ഉണ്ടാകാൻ തുടങ്ങി. അബൂത്വാലിബിന്റെ മരണത്തോടെ നബിﷺയെ അങ്ങേയറ്റം ദ്രോഹിക്കുവാനും പ്രയാസപ്പെടുത്തുവാനും അവിടുന്ന് നടത്തുന്ന ഇസ്‌ലാമിക പ്രബോധനത്തിന് തടസ്സം സൃഷ്ടിക്കുവാനും അവർ വെമ്പൽകൊണ്ടു. അതിനായി അവർ കച്ച കെട്ടിയിറങ്ങി.**

ത്വാഇഫിൽ ചെന്ന് അല്ലാഹുവിനെ പറ്റിയും അവന്റെ ദീനിനെ പറ്റിയും മറ്റും പറഞ്ഞുകൊടുത്താൽ അവർ സ്വീകരിച്ചേക്കാം എന്ന വലിയ ഒരു പ്രതീക്ഷ നബിﷺക്ക് ഉണ്ടായിരുന്നു. അങ്ങനെ നബിﷺ, തന്റെ വളർത്തുപുത്രനായ സയ്ദുബ്നു ഹാരിസ﵁യെയും കൂട്ടി ത്വാഇഫിലേക്ക് നടന്നുപോയി എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. വാഹനപ്പുറത്ത് പോകുന്നത് കാണുമ്പോൾ നബിﷺ രക്ഷപ്പെടുകയാണ് എന്ന് ശത്രുക്കൾ ചിന്തിച്ചാൽ യാത്രക്ക് അവർ മുടക്കം സൃഷ്ടിക്കുമല്ലോ. അതിനാൽ ഒരു യാത്രക്കായുള്ള തയ്യാറെടുപ്പോ വാഹനമോ ആൾബലമോ ഒന്നും കൂടാതെയായിരുന്നു നബിﷺയുടെ ത്വാഇഫിലേക്കുള്ള ആ യാത്ര. അവിടെയുള്ള സക്വീഫ് ഗോത്രത്തെ ലക്ഷ്യമാക്കിയും അവരിലെ പ്രമുഖരെ കണ്ട് ഇസ്‌ലാമിനെ അറിയിക്കണമെന്ന ലക്ഷ്യവുമായി പുറപ്പെട്ട നബിﷺ ത്വാഇഫിൽ എത്തി.



# മീസാൻകല്ലിന്റെ കൂട്ടുകാരൻ

സവാദ് മമ്പറം
mail@nerpatham.com

അനുഭവക്കുറിപ്പ്

**പൊ**ടിപിടിച്ച ഓർമകൾ പുറത്തെടുക്കാൻ പറ്റിയ സമയമാണ് ക്വാറന്റൈൻ കാലം. എന്റെ പിതാവ് വലിയ പുരയിൽ അബു ഹാജി എന്ന വി.പി ഹാജി മരണപ്പെട്ടത് ഈയിടെയാണ്. പുരുഷാരവങ്ങളുടെ കൂടെയല്ലാതെ ഉപ്പയെ കാണൽ വിരളമാണ്. ഒരു പ്രമാണിയുടെ എല്ലാ മട്ടും ഭാവവും ഉപ്പയിലുണ്ടായിരുന്നു. വി.പി ഹാജിയുടെ മക്കൾ എന്ന തിരിച്ചറിയൽ കാർഡിലായിരുന്നു ഞങ്ങൾ നാല് ആൺമക്കളും വളർന്നതും പന്തലിച്ചതും. നാട്ടിലെ ഒട്ടുമിക്ക മത, രാഷ്ട്രീയ സംഘടനക്കാർക്കല്ലാം വി.പി ഹാജി വേണ്ടപ്പെട്ടവനാണ്. എനിക്ക് ഓർമവെച്ച കാലംമുതലേ ഉപ്പ മഹല്ല് പ്രസിഡന്റായിരുന്നു. ബാംഗ്ലൂരിലും എറണാകുളത്തുമാണ് ഉപ്പക്ക് ബിസ്നസ്. മാസത്തിൽ നാലോ അഞ്ചോ ദിവസമെ നാട്ടിലുണ്ടാവാറുള്ളൂ. മഹല്ല് തെരഞ്ഞെടുപ്പ് കാലത്ത് മാത്രമെ പ്രസിഡന്റ് കസേരയിൽ മഹല്ലുഭാരവാഹികൾ വി.പി ഹാജിയെ കാണാറുള്ളൂ.

കഴിഞ്ഞ വർഷമായിരുന്നു പെങ്ങളുടെ കല്യാണം. നാടിനെ ഇളക്കിമറിച്ചുകൊണ്ടായിരുന്നു വി.പി ഹാജിയുടെ ഒരേയൊരു മകളുടെ കല്യാണം നടന്നത്. നാടുമുഴുവനും അന്ന് വലിയപുരയിലായിരുന്നു. സാധാരണക്കാരായ നാട്ടുകാർക്ക് വലതുഭാഗത്തെ പന്തലിലായിരുന്നു ഭക്ഷണം. റോഡിൽനിന്ന് നേരിട്ട് വരാനും പോകാനും പ്രത്യേകം വഴിയൊരുക്കിയിരുന്നു. വീടിന്റെ പരിസരം ചുവന്ന പരവ

താനി വിരിച്ച് വേർതിരിച്ച് അവിടേക്ക് പ്രധാനികൾക്ക് മാത്രം പ്രവേശനം നൽകി. കല്യാണത്തിരക്കിൽ ഇക്കയോടെന്തോ സംസാരിച്ചിരിക്കുന്നതിനിടെയാണ് ഞാൻ ആ കാഴ്ച കണ്ടത്!

പ്രധാനികൾക്ക് മാത്രമായി ഒരുക്കിയ സോഫകളിലൊന്നിൽ മമ്മദ് ഇരിക്കുന്നു! സെക്യൂരിറ്റിക്കാരന്റെ അശ്രദ്ധകൊണ്ടാണ് നാട്ടുകാർ മമ്മദ്ക്ക എന്ന് വിളിക്കുന്ന മമ്മദ് ഇതിനകത്ത് കടന്നത്. ഉപ്പയെയാണ് ഞാനാദ്യം നോക്കിയത്. ഉപ്പ അവിടെ അവനെ കണ്ടാൽ സീനാകും. പോരാത്തതിന് നമുക്കും വയറ് നിറച്ച് കിട്ടും. ഇക്കയുടെ കണ്ണിൽ ഈ രംഗം പെട്ടപ്പോൾ അവൻ എവിടന്ന് കയറിക്കൂടി എന്നും പറഞ്ഞ് അവിടേക്ക് ഓടി. ഇക്കക്ക് ഉപ്പയുടെ മട്ടായിരുന്നു. ഞാൻ ഭയന്നത് തന്നെ സംഭവിച്ചു! ഉപ്പ തന്റെ പുതിയ ബിസ്നസ് പാർട്ണറെയും സ്വീകരിച്ചുകൊണ്ട് വരുന്നതിനിടെയാണ് മമ്മദിനെ കണ്ടത്. 'എണീക്കെടാ' എന്ന ഘനഗാഭീര്യമുള്ള ശബ്ദം ആ കല്യാണവീടിനെ മൊത്തം ഒരു നിമിഷത്തേക്ക് സ്തംഭിപ്പിച്ചു. പേടിച്ച് എഴുന്നേൽക്കുന്നതിനിടെ വിറക്കുന്ന കയ്യിൽനിന്ന് ലെതർ സോഫയിലേക്ക് മറിഞ്ഞുപോയ ഫ്രൂട്ട് സലാഡ് തന്റെ നരച്ച കൈലികൊണ്ട് തുടക്കാൻ ശ്രമിക്കുന്നതിനിടെ മമ്മദിന്റെ പിരടിയിൽ പിടിച്ചുകൊണ്ട് ഉപ്പ തള്ളിമാറ്റി. നല്ല ആരോഗ്യമുള്ള മമ്മദ് ആ തള്ളലിൽ ബോള് പോലെ തെറിക്കുന്നതായി എനിക്ക് തോന്നി. എവിടെനിന്നോ ഓടിയത്തിയ സെക്യൂരിറ്റിക്കാരൻ അവനെ തൂക്കിയെടുത്ത് പുറത്തേക്ക് മാറ്റി. അപ്പോഴും അവന്റെ ചുണ്ടിൽ എന്നും മായാതെ കിടന്നിരുന്ന ചിരിയുണ്ടായിരുന്നു.

അഞ്ചാറു ദിവസമായി ഫോണിന് വിശ്രമമില്ല. അനുശോചനങ്ങളും ആശ്വാസവാക്കുകളും കേട്ട് മടുത്തു.

പുതുതായി തുടങ്ങുന്ന ഹോട്ടലിന്റെ കാര്യങ്ങൾക്ക് വേണ്ടിയാണ് ഉപ്പയും വല്ലിക്കയും ബാംഗ്ലൂരിലേക്ക് പോയത്. ഓരാഴ്ചകൊണ്ട് മടങ്ങാനുള്ള യാത്രയായിരുന്നു. അപ്പോഴാണ് രാജ്യം ലോക് ഡൗണിലായത്. രണ്ടര മാസത്തോളം അവിടെ കുടുങ്ങി. തിരിച്ചുവന്ന ഉപ്പ ആകെ മാറിപ്പോയിരുന്നു. വി.പി ഹാജിയുടെ എല്ലാ ചിഹ്നങ്ങളും ഉപ്പയിൽനിന്ന് മാഞ്ഞുപോയിട്ടുണ്ടായിരുന്നു. വീട്ടിൽതന്നെയായിരുന്നു ക്വാറന്റൈൻ. മൂന്നാമത്തെ ദിവസം ശക്തമായ പനിവന്നു. പഞ്ചായത്തിൽനിന്ന് ആരോഗ്യപ്രവർത്തകർ വന്നാണ് ഉപ്പയെ ഗവൺമെന്റ് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. ജിവിതത്തിലാദ്യമായിട്ടായിരിക്കണം ചികിത്സക്ക് ഉപ്പ സർക്കാർ ആശുപത്രിയിലേക്ക് പോകുന്നത്. ഉപ്പയുടെ റിസൽട്ട് പോസിറ്റീവാണെന്നറിഞ്ഞതോടെ വീടൊരു ജയിലായി മാറി. പുറംലോകം ജനലഴിക്കുള്ളിലെ കാഴ്ചകളായി മാറി.

ഉപ്പയുടെ മരണവിവരം ആശുപത്രിയിൽനിന്ന് അറിയുന്നതിന് മുമ്പുതന്നെ ന്യൂസ് ചാനൽ പറഞ്ഞ് തന്നിരുന്നു. മയ്യിത്ത് അവസാനമായൊന്ന് കാണാൻ പോലുമാവില്ല എന്ന സത്യം ഞങ്ങൾ തിരിച്ചറിഞ്ഞത് അപ്പോഴാണ്. പ്രതിസന്ധികൾ ഓരോന്നായി കടന്നുവന്നു. അവസാനം, മയ്യിത്ത് മറമാടാൻ ആരെയെങ്കിലും കിട്ടുമോ എന്ന് പള്ളി സെക്രട്ടറി വിളിച്ച് ചോദിച്ചപ്പോഴാണ് എനിക്ക് നിയന്ത്രണം വിട്ടുപോയത്. പള്ളിക്കാട്ടിലേക്ക് മയ്യിത്ത് എത്തിക്കാൻ ഏതാനും യുവാക്കൾ തയ്യാറായി. പക്ഷേ, മറമാടാൻ ആരും മുന്നോട്ട് വന്നില്ല. എന്റെ മനസ്സിലേക്ക് പല മുഖങ്ങളും കടന്നുവന്നു. ഉപ്പയുടെ അശ്രിതരായി നടന്നവർ, ഉപ്പയുടെ ഇടതും വലതുമായി എന്നും കൂടെ നിന്നവർ. പക്ഷേ, ആരെയും വിളിക്കാൻ തോന്നിയില്ല. അപ്പോഴാണ് മമ്മദിന്റെ മുഖം മനസ്സിലേക്ക് വന്നത്. നാട്ടിൽ ആര് മരിച്ചാലും ക്വബ്റ് കുഴിക്കാൻ മമ്മദ് മുമ്പിലുണ്ടാകും. സെക്രട്ടറിയോട് അവനെ വിളിക്കാൻ പറഞ്ഞു. മമ്മദിനെയും തേടി അവന്റെ കൂരക്ക് മുമ്പിൽ അന്നാദ്യമായി ഒരു വാഹനം ചെന്നുനിന്നു! പറയുന്നത് ചെയ്യുക എന്നല്ലാതെ അയാൾക്ക് സ്വന്തമായി ഒരഭിപ്രായമില്ലായിരുന്നു.

സെക്രട്ടറി നീട്ടിനൽകിയ പി.പി.ഇ കിറ്റ് സ്കൂൾ യൂനിഫോം ധരിക്കുന്ന കുട്ടിയെ പോലെ ധരിച്ചുകൊണ്ട് പള്ളിക്കാട്ടിലേക്ക് അയാൾ നടന്നു. ആബുലൻസിൽനിന്ന് അടിമുടി മൂടിക്കെട്ടിയ നാലുപേർ മയ്യിത്തുമേന്തി വി.പി ഹാജിക്ക് വേണ്ടി തയ്യാറാക്കിവെച്ച ക്വബ്റിനരികിൽ വെച്ചുകൊണ്ട് തിരിഞ്ഞ് നടന്നു. ഭാരമുള്ള ശരീരം ഒരു ഫയൽവാന്റെ മെയ്വഴക്കത്തോടെ അനായാസം ക്വബ്റിൽവെച്ച് മൂടുകല്ലുകൾ ഓരോന്നായി വെക്കുമ്പോൾ മമ്മദിന്റെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. അയാൾ മൺവെട്ടികൊണ്ട് ക്വബ്ർ മൂടി തലഭാഗത്ത് മീസാൻ കല്ല് നാട്ടിവെച്ച് അതിനരികിലിരുന്നു. വിറക്കുന്ന ചുണ്ടുകളോടെ മമ്മദ് പറഞ്ഞു: അല്ലാഹുമ്മഗ്ഫിർലഹു... (അല്ലാഹുവേ, അദ്ദേഹത്തിനു നീ പൊറുത്തുകൊടുക്കണേ). വിയർത്തൊട്ടിയ പി.പി.ഇ കിറ്റിനെ നനച്ചുകൊണ്ട് ആ സമയം വാനലോകത്തുനിന്ന് മഴത്തുള്ളികൾ പെയ്തിറങ്ങുന്നുണ്ടായിരുന്നു.



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**‘അൽ വാബിലുസ്സ്വയ്യിബ്’ എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

## 11

അബൂബുർദؓ തന്റെ പിതാവിൽനിന്നും ഉദ്ധരിക്കുന്നു; നബിﷺ പറഞ്ഞു: ‘ഓരോ മുസ്‌ലിമിന്റെമേലും ദാനം ബാധ്യതയാണ്.’ സ്വഹാബത്ത് ചോദിച്ചു: ‘നബിയേ, ദാനം ചെയ്യാൻ സമ്പത്തില്ലാത്തയാളോ?’ നബിﷺ പറഞ്ഞു: ‘തന്റെ കൈകൊണ്ട് അധ്വാനിക്കണം, എന്നിട്ട് സ്വന്തത്തിന് ഉപയോഗിക്കുകയും ദാനം ചെയ്യുകയും വേണം.’ അവർ ചോദിച്ചു: ‘അതിനു കഴിഞ്ഞില്ലെങ്കിലോ?’ അവിടുന്ന് പറഞ്ഞു: ‘പ്രയാസപ്പെടുന്ന ആവശ്യക്കാരനെ (കഴിയുംവിധം) സഹായിക്കണം.’ സ്വഹാബികൾ ചോദിച്ചു: ‘അതിന് അയാൾക്ക് സാധിച്ചില്ലെങ്കിലോ?’ നബിﷺ പറഞ്ഞു: ‘എങ്കിൽ അയാൾ നന്മ പ്രവർത്തിക്കുകയും മറ്റുള്ളവരെ ഉപദ്രവിക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ! അത് അയാൾക്ക് ഒരു ദാനമാണ്’ (ബുഖാരി, മുസ്‌ലിം).

പിശുക്കൻ നന്മയെ തടഞ്ഞുവെക്കുന്നവനും പുണ്യം ചെയ്യുവാൻ വിസമ്മതിക്കുന്നവനുമായതിനാൽ അയാൾക്കുള്ള പ്രതിഫലം അതേപോലെയുള്ളത് തന്നെയായിരിക്കും. അയാളുടെ മനസ്സ് കുടുസ്സായതും വിശാലതയില്ലാത്തതുമായിരിക്കും. നന്മകുറഞ്ഞവനും സന്തോഷമില്ലാത്തവനും സങ്കടങ്ങളും ദുഃഖങ്ങളും വിഷമങ്ങളും അധികരിച്ചവനുമായിരിക്കും. അയാളുടെ ഒരാവശ്യവും നിറവേറുകയോ ഒരു കാര്യത്തിലും പടച്ചവന്റെ സഹായം ലഭിക്കുകയോ ചെയ്യുന്നുണ്ടാവില്ല.

അയാൾ ശരിക്കും ഇരുമ്പിനാലുള്ള ജുബ്ബ ധരിക്കുകയും കൈകൾ രണ്ടും പിരടിയിൽ ബന്ധിക്കപ്പെടുകയും ചെയ്തവനെ പോലെയാണ്. കൈ നേരെയാക്കാനോ പടയങ്കി ശരിയായരൂപത്തിൽ ധരിക്കാനോ കൈ ചലിപ്പിക്കാനോ പോലും അയാൾക്ക് സാധിക്കുന്നില്ല. പടയങ്കി ഒന്ന് വിശാലമാക്കാനോ കൈ ഒന്ന് പുറത്തെടുക്കാനോ അയാൾ ശ്രമിക്കുമ്പോഴൊക്കെയും അതിന്റെ കണ്ണികൾ ഓരോന്നും മുറുകുകയാണ് ചെയ്യുന്നത്.

ഇതേപോലെയാണ് ലുബ്ധന്റെ സ്ഥിതിയും. അയാൾ വല്ലതും ദാനം ചെയ്യാനുദ്ദേശിക്കുമ്പോൾ അയാളുടെ ലുബ്ധത അയാളെ തടയും. അങ്ങനെ അയാളുടെ ഹൃദയം അയാളെ പോലെത്തന്നെ അയാളുടെ തടവറയിൽ കഴിയും. എന്നാൽ ദാനശീലനാകട്ടെ ഓരോതവണ ദാനം ചെയ്യുമ്പോഴും അയാളുടെ ഹൃദയം വിശാലമാവുകയും വിശാലമനസ്കതയുള്ള സഹൃദയനാവുകയും ചെയ്യും. അപ്പോൾ അയാൾ വിശാലതയുള്ള പടയങ്കി ധരിച്ചവനെപ്പോലെയായിരിക്കും. ഓരോതവണ ദാനം ചെയ്യുമ്പോഴും ഹൃദയവിശാലതയും മഹാമനസ്കതയും സന്തോഷവും ആഹ്ലാദവും അയാൾക്ക് അധികരിച്ചുകൊണ്ടിരിക്കും. ദാനധർമങ്ങൾക്ക് ഈ ഗുണമല്ലാത്ത മറ്റൊരു നേട്ടവുമില്ല എന്ന് വന്നാൽ പോലും ദാനം അധികരിപ്പിക്കുകയും അതിനായി ഉത്സാഹം കാണിക്കുകയും ചെയ്യൽ അനിവാര്യമാണ്.

'...ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ' (ക്വുർആൻ 59:9).

'...ആർ മനസ്സിന്റെ പിശുക്കിൽനിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അവർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ' (ക്വുർആൻ 64:16).

അബ്ദുർറഹ്മാനുബ്നു ഔഫ് ﷺ കഅ്ബ ത്വവാഫ് ചെയ്യുമ്പോൾ ഈയൊരു പ്രാർഥനതന്നെ ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടുകൊണ്ടിരുന്നു: 'എന്റെ രക്ഷിതാവേ, എന്റെ മനസ്സിന്റെ പിശുക്കിൽ (ശുഹ്ഹ്) നിന്നും എന്നെ നീ കാത്തു രക്ഷിക്കണേ... എന്റെ രക്ഷിതാവേ, എന്റെ മനസ്സിന്റെ പിശുക്കിൽ നിന്നും എന്നെ നീ കാത്തു രക്ഷിക്കണേ.' അപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: 'ഇതല്ലാത്ത മറ്റൊന്നും താങ്കൾ പ്രാർഥിക്കുന്നില്ലേ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ മനസ്സിന്റെ ലുബ്ധതയിൽനിന്നും സംരക്ഷിക്കപ്പെട്ടാൽ തീർച്ചയായും ഞാൻ വിജയിച്ചു' (ത്വബ്രി തന്റെ തഫ്സീറിലും ഇബ്നു അസാകിർ 'താരീഖു ദിമശ്ഖി'ലും ഉദ്ധരിച്ചത്).

'ശുഹ്ഹും' 'ബുഖ്‌ലും' തമ്മിൽ വ്യത്യാസമുണ്ട്. 'ശുഹ്ഹ്' എന്നത് ഒരു വസ്തുവിനോടുള്ള അടങ്ങാത്ത ആഗ്രഹവും അത് കൈവശപ്പെടുത്താനുള്ള അങ്ങേയറ്റത്തെ തീവ്രപരിശ്രമവും അതിന്റെ പേരിലുള്ള അസ്വസ്ഥതകളുമൊക്കെയാണ്. എന്നാൽ 'ബുഖ്ൽ' എന്നത് അത് കിട്ടിയതിനു ശേഷം ചെലവഴിക്കാൻ മടിച്ചുകൊണ്ട് പിടിച്ചുവെക്കലാണ്. അപ്പോൾ ഒരു സംഗതി അധീനതയിൽ വരുന്നതിനു മുമ്പുള്ള ആർത്തിയോടുള്ള പിശുക്കാണ് 'ശുഹ്ഹ്' എന്നത്. എന്നാൽ അത് കൈയിൽ വന്നതിനു ശേഷമുള്ള ലുബ്ധതയാണ് 'ബുഖ്ൽ.'

> **"വിശുദ്ധരും പുണ്യംചെയ്യുന്നവരുമായ ആളുകളിൽനിന്ന് അവർ സുഗന്ധം പുരട്ടിയിട്ടില്ലെങ്കിൽകൂടി ചിലപ്പോൾ നല്ല പരിമളം വീശാറുണ്ട്. അയാളുടെ ആത്മാവിന്റെ സുഗന്ധം ശരീരത്തിലൂടെയും വസ്ത്രത്തിലൂടെയും പുറത്തേക്കുവരും. എന്നാൽ തോന്നിവാസിയുടെ സ്ഥിതി നേരെ തിരിച്ചുമാണ്. രോഗം ബാധിച്ച് മൂക്കൊലിക്കുന്നവന് ഈ രണ്ട് വാസനകളും അനുഭവപ്പെടുകയില്ല. പ്രത്യുത അയാളുടെ മൂക്കൊലിപ്പ് ഇതിനെ നിഷേധിക്കാനായിരിക്കും പ്രേരിപ്പിക്കുക. ഈ ചർച്ചയിൽ അവസാനമായി നമുക്ക് പറയുവാനുള്ളത് ഇത്രയുമാണ്. അല്ലാഹു തആലയാണ് ശരിയെ സംബന്ധിച്ച് ഏറ്റവും നന്നായി അറിയുന്നവൻ."**

അതായത് 'ശുഹ്ഹി'ന്റെ അനന്തരഫലമാണ് 'ബുഖ്ൽ.' അഥവാ 'ശുഹ്ഹ്' 'ബുഖ്ലി'ലേക്ക് ക്ഷണിക്കും. അത് മനസ്സിൽ ഒളിച്ചിരിക്കുന്ന ഒന്നാണ്. ഒരാൾ 'ബുഖ്ൽ' (പിശുക്ക്) കാണിച്ചാൽ അയാൾ തന്റെ 'ശുഹ്ഹ്'ന് വഴിപ്പെട്ടു. എന്നാൽ ലുബ്ധത കാണിക്കാതിരുന്നാൽ അയാൾ തന്റെ 'ശുഹ്ഹി'നോട് എതിരുപ്രവർത്തിക്കുകയും അതിന്റെ കെടുതികളിൽ നിന്നും സംരക്ഷിക്കപ്പെടുകയും ചെയ്തുവെന്ന് സാരം. അത്തരക്കാരാണ് വിജയം വരിക്കുന്നവർ:

"അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ആവശ്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ' (ക്വുർആൻ 59:9).

ഔദാര്യവാൻ അല്ലാഹുവിലേക്കും അവന്റെ സൃഷ്ടികളിലേക്കും തന്റെ കുടുംബക്കാരിലേക്കുമൊക്കെ ഏറെ അടുത്തവനായിരിക്കും. സ്വർഗത്തിലേക്കു സാമീപ്യം സിദ്ധിച്ചവനും നരകത്തിൽ നിന്ന് അകന്നവനുമായിരിക്കും. എന്നാൽ ചെലവഴിക്കാതെ പിശുക്ക് കാണിക്കുന്നവൻ അല്ലാഹുവിൽനിന്നും അവന്റെ സൃഷ്ടികളിൽനിന്നും വിദൂരത്തായിരിക്കും. സ്വർഗത്തിൽനിന്ന് അകന്നും നരകത്തോട് അടുത്തുമായിരിക്കും അയാളുണ്ടാവുക. ഒരാളുടെ ഉദാരമനസ്കത അയാളുടെ എതിരാളികളിൽപോലും അയാളെക്കുറിച്ച് മതിപ്പുണ്ടാക്കും. എന്നാൽ ഒരാളുടെ ലുബ്ധത അയാളുടെ മക്കളിൽ പോലും അയാളോട് വെറുപ്പായിരിക്കും ഉണ്ടാക്കുക.

ഒരു കവി പറഞ്ഞതുപോലെ: 'ഒരാളുടെ ന്യൂനത ആളുകൾക്കിടയിൽ വെളിപ്പെടുത്താൻ പര്യാപ്തമാണ് അയാളുടെ ലുബ്ധത. എന്നാൽ അയാളുടെ ഉദാരതയാകട്ടെ അവരിൽനിന്ന് എല്ലാ കുറവുകളും മറയ്ക്കുന്നതുമാണ്.'

'ഉദാരതയുടെ വസ്ത്രംകൊണ്ട് നീ ന്യൂനതകൾ മറയ്ക്കുക; കാരണം ഏതൊരു കുറവും മറയ്ക്കാവുന്ന ആവരണമാണ് ഔദാര്യമെന്ന് ഞാൻ മനസ്സിലാക്കുന്നു.'

'നീ കൂട്ടുകൂടുകയാണെങ്കിൽ നല്ലവരുമായിമാത്രം നീ കൂട്ടുകൂടുക. ഒരാൾ ആദരിക്കപ്പെടുന്നതും അവഹേളിക്കപ്പെടുന്നതും അവന്റെ കൂട്ടുകാരെ പരിഗണിച്ചായിരിക്കും.'

'നിനക്ക് സാധിക്കുന്നത്ര നീ സംസാരം കുറയ്ക്കുക; എന്തുകൊണ്ടെന്നാൽ ഒരാളുടെ സംസാരം കുറഞ്ഞാൽ അയാളുടെ അബദ്ധങ്ങളും കുറവായിരിക്കും.'

'ഒരാളുടെ സമ്പത്ത് കുറഞ്ഞാൽ അയാളുടെ കൂട്ടുകാരും കുറയുന്നതാണ്. അയാളുടെ ആകാശവും ഭൂമിയും അയാൾക്ക് കുടുസ്സാവുകയും ചെയ്യും.'

'അങ്ങനെ ഒരു തീരുമാനത്തിലെത്തേണ്ട സന്ദർഭത്തിൽ ഒന്നുമറിയാത്തവനെപോലെ അവന് പകച്ചുനിൽക്കേണ്ടി വരും.'

'അതിനാൽ തന്റെ കൂട്ടുകാരനെ ശ്രദ്ധയോടെ തെരഞ്ഞെടുക്കാത്തവരോട് ഇതായിരിക്കും ഇതിന്റെ പരിണിതിയെന്ന് നീ വിളിച്ചുപറഞ്ഞേക്കുക.'

ഉദാരത എന്നതുകൊണ്ട് അർഥമാക്കുന്നത് ആവശ്യമുള്ള സന്ദർഭത്തിൽ ആവശ്യമായത് നൽകുക



എന്നതാണ്. അത് അതിന്റെ അവകാശികൾക്ക് എത്തിക്കാനായി പരമാവധി പരിശ്രമിക്കുക എന്നതുമാണ്. അല്ലാതെ വിവരം കുറഞ്ഞ ചിലയാളുകൾ പറയുന്നതുപോലെ കൈയിലുള്ളതൊക്കെ ചെലവഴിക്കലല്ല ഉദാരത. അവർ പറഞ്ഞതായിരുന്നു സത്യമെങ്കിൽ ധൂർത്തും ധാരാളിത്തവുമൊക്കെ ആ പേരുകൾ പോലും പറയേണ്ടതില്ലാത്തവിധം അപ്രസക്തമാകുമായിരുന്നു. എന്നാൽ വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും അതിനെ അധിക്ഷേപിച്ചും വിലക്കിയും എത്രയോ വചനങ്ങൾ വന്നിട്ടുണ്ട്!

ഉദാരത പ്രശംസനീയവും അത് നിർവഹിക്കുന്നയാൾ പരിധിവിടാതിരിക്കുകയും ചെയ്താൽ അയാൾ ഉദാരൻ എന്ന് വിളിക്കപ്പെടുകയും അയാൾ പ്രശംസക്കർഹനായിത്തീരുകയും ചെയ്യും. എന്നാൽ ആരെങ്കിലും ഉദാരതയിൽ വീഴ്ചവരുത്തുകയും പിശുക്ക് കാണിക്കുകയും ചെയ്താൽ അയാൾ ലുബ്ധനും ആക്ഷേപാർഹനുമായിരിക്കും. ഒരു ഹദീഥിൽ ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നുണ്ട്: 'നിശ്ചയം! പിശുക്കന് തന്റെ സാമീപ്യം നൽകുകയില്ലെന്ന് അല്ലാഹു അവന്റെ പ്രതാപം കൊണ്ട് സത്യം ചെയ്ത് പറഞ്ഞിരിക്കുന്നു' (ത്വബ്റാനി ഇബ്നു അബ്ബാസി ﵁ ൽനിന്നും ഇബ്നു അബിദുൻയാ അനസി ﵁ ൽനിന്നും മർഫൂആയ നിലയിൽ (നബിവചനമെന്ന നിലയിൽ) ഉദ്ധരിച്ചതാണ് ഈ റിപ്പോർട്ടെങ്കിലും അത് ദുർബലമാണ്. വിശദ വിവരത്തിന് ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനിയുടെ സിൽസിലത്തുദ്ദഈഫയിലെ 1284,1285 നമ്പർ ഹദീഥുകൾ കാണുക).

ഉദാരത രണ്ടുവിധത്തിലുണ്ട്. അതിൽ ഏറ്റവും ശ്രേഷ്ഠവും ഒന്നാമതുമായത്, മറ്റുള്ളവരുടെ കൈയിലുള്ളവയെ സംബന്ധിച്ച് നാം കാണിക്കുന്ന ഉദാരതയാണ്. അഥവാ അന്യരുടെ കൈകളിലുള്ളത് നാം മോഹിക്കാതിരിക്കുക എന്നതാണ്. രണ്ടാമത്തെത് നിന്റെ കൈയിലുള്ളത് ചെലവഴിച്ചുകൊണ്ട് നീ കാണിക്കുന്ന ഉദാരതയാണ്.

ചിലപ്പോൾ ഒരാൾ ആർക്കും ഒന്നും നൽകുന്നില്ലെങ്കിൽ പോലും അയാൾ ജനങ്ങളിൽ ഏറ്റവും വലിയ ഔദാര്യവാൻ ആയിരിക്കും. കാരണം ആളുകളുടെ കൈയിലുള്ളതിനോട് അയാൾ ഒരു മോഹവും വെച്ചു നടക്കുന്നില്ല. അതാണ് ചില മഹത്തുക്കൾ പറഞ്ഞതിന്റെ സാരം:

'ഉദാരത എന്നത് നിന്റെ സമ്പത്ത് മറ്റുള്ളവർക്ക് ദാനംനൽകുന്നതും മറ്റുള്ളവരുടെ സ്വത്ത് സ്വികരിക്കാതെ നീ മാന്യതകാണിക്കലുമാണ്.'

ഗുരുനാഥൻ ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ(റഹി) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'അല്ലാഹു ഇബ്റാഹിം നബി ﵇ യോട് ഇപ്രകാരം ചോദിച്ചുവത്രെ: 'എന്തുകൊണ്ടാണ് ഞാൻ നിന്നെ 'ഖലീൽ' (ആത്മമിത്രം) ആക്കിയതെന്ന് നിനക്കറിയുമോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല.' അപ്പോൾ അല്ലാഹു പറഞ്ഞു: 'നിനക്ക് മറ്റുള്ളവരിൽനിന്ന് വല്ലതും വാങ്ങുന്നതിനെക്കാൾ പ്രിയങ്കരം അവർക്ക് എന്തെങ്കിലും നൽകുന്നതാണെന്ന് കണ്ടതിനാലാണ്.' (സലഫുകളിൽ പെട്ട ചിലരിൽനിന്ന് ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നുണ്ട്. 'താരീഖു ദിമശ്ഖ്,' 'ഹിൽയത്തുൽ ഔലിയാഅ്, 'അദ്ദുർറുൽ മൻഥൂർ മുതലായ ഗ്രന്ഥങ്ങൾ കാണുക).

ഇത് അത്യുന്നതനായ പടച്ചറബ്ബിന്റെ വിശേഷണങ്ങളിൽപെട്ട ഒരു വിശേഷണമാണ്. അവൻ മറ്റുള്ളവർക്ക് കൊടുക്കുന്നു; അവൻ മറ്റുള്ളവരിൽനിന്ന് യാതൊന്നും എടുക്കുന്നില്ല. അവൻ മറ്റുള്ളവർക്ക് ഭക്ഷണം നൽകുന്നു; അവന്നാകട്ടെ ആരും ഭക്ഷണം നൽകേണ്ടതില്ല. അവൻ ഔദാര്യവാന്മാരിൽ വെച്ച് ഏറ്റവും വലിയ അത്യുദാരനാകുന്നു. സൃഷ്ടികളിൽ അവന് ഏറ്റവും ഇഷ്ടപ്പെട്ടവർ അവന്റെ ഗുണവിശേഷണങ്ങൾ തങ്ങളുടെ സ്വഭാവമായി സ്വികരിച്ചവരാണ്. അവൻ അത്യുദാരനാണ്. അവന്റെ അടിമകളിലെ ഔദാര്യവാന്മാരെ അവൻ ഇഷ്ടപ്പെടുന്നു. അവൻ അറിവുള്ളവനാണ്; അറിവുള്ളവരെ അവൻ സ്നേഹിക്കുന്നു. അവൻ കഴിവുറ്റവനാണ്. ധീരന്മാരെ അവന് ഇഷ്ടമാണ്. അവൻ ഭംഗിയുള്ളവനാണ്; ഭംഗിയെ ഇഷ്ടപ്പെടുന്നവനുമാണ്.

ഇമാം തിർമിദി സഈദുബ്നുൽ മുസ്വയ്യിബ്(റഹി) പറയുന്നതായി ഇപ്രകാരം ഉദ്ധരിക്കുന്നു: 'നിശ്ചയം, അല്ലാഹു വിശുദ്ധനാണ്; അവൻ വിശുദ്ധമായതിനെ ഇഷ്ടപ്പെടുന്നു. അവൻ വൃത്തിയുള്ളവനാണ്; വൃത്തിയെ അവൻ ഇഷ്ടപ്പെടുന്നു. ഔദാര്യവാനാണ്; ഉദാരതയെ അവൻ ഇഷ്ടപ്പെടുന്നു. മാന്യനാണ്; മാന്യതയെ അവൻ ഇഷ്ടപ്പെടുന്നു. അതിനാൽ നിങ്ങൾ നിങ്ങളുടെ പരിസരങ്ങൾ വൃത്തിയാക്കുക. നിങ്ങൾ ജൂതന്മാരെ പോലെയാകരുത്.' (ഇതിന്റെ പരമ്പരയിലുള്ള ഖാലിദ്ബ്നു ഇൽയാസ് പണ്ഡിതൻമാർ ദുർബലനാണെന്ന് വിധിപറഞ്ഞ വ്യക്തിയാണ്).

(തിർമിദി, ബസ്സാർ, അബൂയഅ്ല മുതലായവർ ഉദ്ധരിച്ചത്. ഇതിന്റെ പരമ്പര (സനദ്) അങ്ങേയറ്റം ദുർബല

മാണ്. ഇമാം തിർമിദി തന്നെ അതിന്റെ ന്യുനത വ്യക്തമാക്കിയിട്ടുണ്ട്. ഇബ്നുൽ ജൗസി(റഹി) തന്റെ 'അൽ ഇലലുൽ മുതനാഹിയ' എന്ന ഗ്രന്ഥത്തിൽ ഈ ഹദീഥ് സ്ഥിരപ്പെട്ടിട്ടില്ല എന്ന് പ്രസ്താവിച്ചിട്ടുണ്ട്).

തിർമിദി തന്നെ ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം; നബിﷺ പറയുന്നു: 'ധർമിഷ്ഠൻ അല്ലാഹുവിനോട് അടുത്തവനാണ്. സ്വർഗത്തോടും ജനങ്ങളോടും അയാൾ സമീപസ്ഥനുമാണ്. നരകത്തിൽനിന്നാകട്ടെ അകന്നവനുമാണ്. എന്നാൽ പിശുക്കൻ അല്ലാഹുവിൽനിന്ന് അകന്നവനാണ്. സ്വർഗത്തിൽനിന്നും ആളുകളിൽനിന്നും അയാൾ വിദൂരത്തായിരിക്കും. നരകത്തോട് സമീപസ്ഥനുമായിരിക്കും. അറിവില്ലാത്ത ഔദാര്യവാനാണ് പിശുക്കനായ ഭക്തനെക്കാൾ അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ടവൻ' (തിർമിദിക്കു പുറമെ ഇബ്നു അദിയ്യ് തന്റെ 'അൽകാമിലി'ലും 'ഉകൈലി' തന്റെ 'അദ്ദുഅഫാഇ'ലും ഇത് ഉദ്ധരിച്ചിട്ടുണ്ട്. ഈ ഹദീഥ് സ്ഥിരപ്പെട്ടിട്ടില്ല. ഇമാം തിർമിദിതന്നെ അതിന്റെ ദുർബലത വ്യക്തമാക്കിയിട്ടുണ്ട്. ഇബ്നുൽ ക്വയ്യിം(റഹി) തന്നെ തന്റെ 'അൽമനാറുൽ മുനീഫ്' എന്ന ഗ്രന്ഥത്തിൽ അടിസ്ഥാനരഹിതമായ ഹദീഥുകളുടെ കൂട്ടത്തിൽ ഇതിനെ എണ്ണിയിട്ടുണ്ട്).

സ്വഹീഹായ ഹദീഥിൽ ഇങ്ങനെ വന്നിട്ടുണ്ട്: 'നിശ്ചയം, അല്ലാഹു ഏകനാണ്. ഒറ്റയാക്കുന്നതിനെ (വിത്റിനെ) അവൻ ഇഷ്ടപ്പെടുന്നു' (ബുഖാരി, മുസ്‌ലിം).

അത്യുന്നതനും പരിശുദ്ധനുമായ അല്ലാഹു കാരുണ്യവാനാണ്. കരുണ ചെയ്യുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. തീർച്ചയായും അവന്റെ ദാസന്മാരിലെ കരുണയുള്ളവരോടാണ് അവനും കരുണ കാണിക്കുക. അവൻ ന്യൂനതകൾ മറച്ചുവെക്കുന്നവനാണ്. അവന്റെ ദാസന്മാരുടെ ന്യൂനതകൾ മറച്ചുവെക്കുന്നവരെ അവന് ഇഷ്ടമാണ്. അവൻ വിട്ടുവീഴ്ച ചെയ്യുന്നവനാണ്. വിട്ടുവീഴ്ച ചെയ്യുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. അവൻ വീഴ്ചകൾ പൊറുക്കുന്നവനാണ്. ആളുകളുടെ വീഴ്ചകൾ പൊറുത്ത് കൊടുക്കുന്നവരോട് അവന് ഇഷ്ടമാണ്. അവൻ അനുകമ്പ കാട്ടുന്നവനാണ്. അവന്റെ ദാസന്മാരിലെ അനുകമ്പശീലരോട് അവന് ഇഷ്ടമാണ്. കഠിനഹൃദയരും പരുഷസ്വഭാവികളും അഹങ്കാരികളും അമിതഭോജികളുമായവരെ അവന് വെറുപ്പാണ്. അവൻ സൗമ്യതയുള്ളവനാണ്. സൗമ്യത അവൻ ഇഷ്ടപ്പെടുന്നു. അവൻ വിവേകശാലിയാണ്; വിവേകത്തെ അവൻ ഇഷ്ടപ്പെടുന്നു. അവൻ നന്മ ചെയ്യുന്നവനാണ്; നന്മയെയും അതിന്റെ വക്താക്കളെയും അവന് ഇഷ്ടമാണ്. അവൻ നീതിമാനാണ്; നീതിപാലിക്കുന്നത് അവൻ ഇഷ്ടപ്പെടുന്നു. അവൻ ഒഴികഴിവുകൾ സ്വീകരിക്കുന്നവനാണ്. തന്റെ ദാസന്മാരുടെ ഒഴികഴിവുകൾ സ്വീകരിക്കുന്നവരെ അവന് ഇഷ്ടമാണ്. ഇത്തരം ഗുണവിശേഷണങ്ങൾക്കനുസരിച്ച് അവൻ തന്റെ ദാസന്മാർക്ക് പ്രതിഫലം നൽകുന്നതാണ്. ആരെങ്കിലും വിട്ടുവീഴ്ച ചെയ്താൽ അവർക്ക് അവനും വിട്ടുവീഴ്ച ചെയ്യും. ആരെങ്കിലും പൊറുത്ത് കൊടുത്താൽ അവർക്ക് അവനും പൊറുത്ത് കൊടുക്കും. ആരെങ്കിലും മറ്റുള്ളവരുടെ കുറവുകൾക്ക് നേരെ കണ്ണടച്ചാൽ അവൻ അയാൾക്കും മാപ്പാക്കുന്നതാണ്. ആരെങ്കിലും മറ്റുള്ളവർക്ക് ഇളവുചെയ്താൽ അവൻ അയാൾക്കും ഇളവുചെയ്യും. ആരെങ്കിലും അല്ലാഹുവിന്റെ അടിയാറുകളോട് സൗമ്യത കാണിച്ചാൽ അല്ലാഹു അയാളോടും സൗമ്യത കാണിക്കും. ആരെങ്കിലും സൃഷ്ടിജാലങ്ങളോട് കരുണകാണിച്ചാൽ അല്ലാഹു അയാളോടും കരുണകാണിക്കും. ജനങ്ങളോട് ആരെങ്കിലും നന്മ ചെയ്താൽ അല്ലാഹു അയാൾക്കും നന്മ ചെയ്യും. ആരെങ്കിലും മറ്റുള്ളവരുടെ ന്യുന



തകളെ വിട്ടുകളഞ്ഞ് മാപ്പാക്കിയാൽ അല്ലാഹു അയാളുടെ കുറവുകളെയും വിട്ടുകളയും. ആരെങ്കിലും മറ്റുള്ളവരോട് ഔദാര്യം കാണിച്ചാൽ അല്ലാഹു അയാൾക്കും ഔദാര്യം ചെയ്യും. വല്ലവനും മറ്റുള്ളവർക്ക് ഉപകാരം ചെയ്താൽ അല്ലാഹു അയാൾക്കും ഉപകാരം ചെയ്യും. ആരെങ്കിലും മറ്റുള്ളവരുടെ ന്യൂനത മറച്ചുവെച്ചാൽ അല്ലാഹു അയാളുടെതും മറച്ചുവെക്കും. വല്ലവനും മറ്റുള്ളവരുടെ കുറവുകൾ ചിക്കിച്ചികയാൻ ഒരുങ്ങിയാൽ അല്ലാഹു അയാളുടെ കുറവുകളും കൊണ്ടുവരും. ആരെങ്കിലും മറ്റുള്ളവരെ അവഹേളിച്ചാൽ അവൻ അവരെയും അവഹേളിക്കും. ആരെങ്കിലും തന്റെ നന്മ മറ്റുള്ളവർക്ക് നിഷേധിച്ചാൽ അല്ലാഹു അയാൾക്കും നന്മ തടയും. ആരെങ്കിലും അല്ലാഹുവിനോട് എതിരായാൽ അല്ലാഹു അയാളോടും എതിരാകും. ആരെങ്കിലും തന്ത്രം പ്രയോഗിച്ചാൽ അല്ലാഹു അയാളോടും തന്ത്രം പ്രയോഗിക്കും. ആരെങ്കിലും ചതിയും വഞ്ചനയും കാണിച്ചാൽ അല്ലാഹു അയാളോടും അതുപോലെ കാണിക്കും. ഒരാൾ അല്ലാഹുവിന്റെ അടിമകളോട് പെരുമാറുന്നത് ഏത് തരത്തിലാണോ അല്ലാഹു ഇരുലോകത്തു വെച്ച് അയാളോടും അതേരൂപത്തിലായിരിക്കും പെരുമാറുക. അതായത് ഒരാൾ മറ്റൊരാളോട് ഏത് രൂപത്തിലാണോ പെരുമാറുന്നത് അതനുസരിച്ചായിരിക്കും അല്ലാഹു അയാളോടും പെരുമാറുക എന്ന് സാരം.

അതുകൊണ്ട് നബി ﷺ യുടെ ഹദീഥുകളിൽ ഇപ്രകാരം കാണാം: 'ആരെങ്കിലും ഒരു സത്യവിശ്വസിയുടെ ന്യൂനത മറച്ചുവെച്ചാൽ അല്ലാഹു അയാളുടെ ന്യൂനതകളും ഈ ലോകത്തും പരലോകത്തും മറച്ചുവെക്കുന്നതാണ്. ആരെങ്കിലും ഒരു സത്യാവിശ്വാസിയുടെ ഈ ലോകത്തെ ദുരിതം നീക്കി ആശ്വാസം നൽകിയാൽ അല്ലാഹു അയാളിൽനിന്ന് പരലോകത്തെ പ്രയാസങ്ങൾ നീക്കി ആശ്വാസം നൽകുന്നതാണ്. (സാമ്പത്തികമായി) പ്രയാസപ്പെടുന്ന ഒരാൾക്ക് ആരെങ്കിലും ആശ്വാസം നൽകിയാൽ അല്ലാഹു അയാളുടെ വിചാരണ എളുപ്പമാക്കും' (മുസ്‌ലിം).

'ഒരു ഇടപാട് ഒഴിവാക്കിക്കൊടുക്കാനായി ഖേദപ്രകടനത്തോടെ ഒരാൾ വരികയും ആ അഭ്യർഥന പരിഗണിച്ച് പ്രസ്തുത ഇടപാട് ഒഴിവാക്കിക്കൊടുക്കുകയും ചെയ്താൽ അല്ലാഹു അയാളുടെ വീഴ്ചകളും (പ്രതിക്രിയ കൂടാതെ) ഒഴിവാക്കിക്കൊടുക്കും' (അബൂദാവൂദ്, ഇബ്നുമാജ, ഇബ്നുഹിബ്ബാൻ).

'ആരെങ്കിലും കടംകൊണ്ട് പ്രയാസപ്പെടുന്നയാൾക്ക് അവധി നീട്ടിക്കൊടുക്കുകയോ കടം വിട്ടുവീഴ്ച ചെയ്യുകയോ ചെയ്താൽ അല്ലാഹു അയാൾക്ക് അർശിന്റെ തണൽ നൽകുന്നതാണ്.' (മുസ്‌ലിം).


> **അത്യുന്നതനും പരിശുദ്ധനുമായ അല്ലാഹു കാരുണ്യവാനാണ്. കരുണ ചെയ്യുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. തീർച്ചയായും അവന്റെ ദാസന്മാരിലെ കരുണയുള്ളവരോടാണ് അവനും കരുണ കാണിക്കുക. അവൻ ന്യൂനതകൾ മറച്ചുവെക്കുന്നവനാണ്. അവന്റെ ദാസന്മാരുടെ ന്യൂനതകൾ മറച്ചുവെക്കുന്നവരെ അവന് ഇഷ്ടമാണ്. അവൻ വിട്ടുവീഴ്ച ചെയ്യുന്നവനാണ്. വിട്ടുവീഴ്ച ചെയ്യുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. അവൻ വീഴ്ചകൾ പൊറുക്കുന്നവനാണ്. ആളുകളുടെ വീഴ്ചകൾ പൊറുത്ത് കൊടുക്കുന്നവരോട് അവന് ഇഷ്ടമാണ്.**

എന്തുകൊണ്ടെന്നാൽ ഈ വ്യക്തി അയാൾക്ക് അവധി നീട്ടിക്കൊടുക്കലിന്റെയും സഹനത്തിന്റെയും തണൽ നൽകി സാമ്പത്തികമായി ഏറെ പ്രയാസപ്പെടുന്ന അയാളെ ബുദ്ധിമുട്ടിച്ചു പണം തിരിച്ചു വാങ്ങിക്കുന്ന കഷ്ടതയുടെ ചൂടിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു. അതുകൊണ്ട് അന്ത്യനാളിൽ സൂര്യന്റെ ചൂടിൽനിന്നും അർശിന്റെ തണൽ നൽകി അല്ലാഹു അയാളെ സംരക്ഷിക്കും.

തിർമിദിയും മറ്റും ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: 'ഒരിക്കൽ നബി ﷺ ഖുത്വുബ നിർവഹിച്ചു കൊണ്ടിരിക്കെ പറഞ്ഞു: 'ഹൃദയത്തിലേക്ക് ഈമാൻ (സത്യവിശ്വാസം) കടന്നു ചെന്നിട്ടില്ലാത്ത, കേവലം നാവുകൊണ്ട് മാത്രം വിശ്വാസം പ്രഖ്യാപിച്ചവരേ, നിങ്ങൾ സത്യവിശ്വാസികളെ ഉപദ്രവിക്കരുതേ, അവരുടെ കുറവുകൾ നിങ്ങൾ ചിക്കിച്ചികയുകയും ചെയ്യരുതേ. എന്തുകൊണ്ടെന്നാൽ തന്റെ സഹോദരന്റെ കുറവുകൾ ചികഞ്ഞാൽ അല്ലാഹു അയാളുടെയും കുറവുകൾ ചികയും. അല്ലാഹു ആരുടെയെങ്കിലും കുറവുകൾ ചികഞ്ഞാൽ അത് അയാളെ അവഹേളിച്ച് വഷളാക്കിക്കളയും, അയാൾ തന്റെ വീടിന്റെ ഉള്ളറയിലായിരുന്നാൽ പോലും.' **(തുടരും)**

സൈതലവി വിളയൂർ
ktsvilayur@gmail.com

ലേഖനം



# ഓൺലൈൻ വിദ്യാഭ്യാസം; ഗുണവും ദോഷവും

അപ്രതീക്ഷിതമായി വന്നുപെട്ട കോവിഡ് എന്ന മഹാമാരിയിൽ ലോകം ഇപ്പോഴും വിറങ്ങലിച്ചു നിൽക്കുകയാണ്. ഇടതടവില്ലാതെ മുന്നോട്ടുപോയിക്കൊണ്ടിരുന്ന ലോകഗതി ഈ കൊടുങ്കാറ്റിൽ ആടിയുലഞ്ഞപ്പോൾ അതിന്റെ അനുരണനങ്ങൾ നിഖില മേഖലകളെയും സാരമായിത്തന്നെ ബാധിക്കുകയുണ്ടായി. മഹാമാരിയുടെ തിക്തഫലം ഏറ്റവും കൂടുതൽ ബാധിച്ച മേഖലകളിൽ ഒന്ന് വിദ്യാഭ്യാസ രംഗമാണ്. പ്രൈമറിതലം മുതൽ ഉന്നതതലംവരെ പഠിക്കുന്ന ലക്ഷക്കണക്കിന് വിദ്യാർഥികളുടെ വിദ്യാഭ്യാസമാണ് ഒരു സുപ്രഭാതത്തിൽ ഒറ്റയടിക്ക് നിലച്ചുപോയത്. എന്നാൽ കാഴ്ചപ്പാടുകളിലും സമീപനങ്ങളിലും അഴിച്ചുപണി അനിവാര്യമാണെന്ന തിരിച്ചറിവ് ഒട്ടും അന്തിച്ചുനിൽക്കാതെതന്നെ പുതിയൊരു വിപ്ലവത്തിലേക്ക് വിദ്യാഭ്യാസ മേഖലയെ കൊണ്ടെത്തിക്കുകയായിരുന്നു. അതുകൊണ്ടു തന്നെ കോവിഡ് സൃഷ്ടിച്ച സാമൂഹിക മാറ്റങ്ങളിൽ ഏറ്റവും സുപ്രധാനം ഓൺലൈൻ വിദ്യാഭ്യാസം തന്നെയായിരുന്നു എന്ന് തറപ്പിച്ചു പറയാനാവും. ആധുനികതയും സാങ്കേതികതയും എല്ലാ രംഗത്തും കാതലായ മാറ്റങ്ങൾ വരുത്തിയപ്പോഴും മാറാൻ മടിച്ചുനിന്ന വിദ്യാഭ്യാസ മേഖലയിലാണ് പൊടുന്നനെയുള്ള ഈ മാറ്റം എന്നതും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്.

അടിയന്തിരമായ ബദൽ നടപടി എന്ന രീതിയിലാണ് ഓൺലൈൻ വിദ്യാഭ്യാസം ആരംഭിക്കുന്നത്. അതിനാൽതന്നെ അതിന്റേതായ നേട്ടങ്ങളും കോട്ടങ്ങളും തീർച്ചയായും ഉണ്ടായിരിക്കും. പാടെ നിലച്ചുപോയ ഒന്നിനെ ഭാഗികമായെങ്കിലും പുനർനിർമിക്കാനാവുക എന്നത് തന്നെ ഏറ്റവും വലിയ നേട്ടമാണല്ലൊ. പെട്ടെന്നുള്ള ഒരു നടപടിയെന്നതിനാൽ ധാരാളം കോട്ടങ്ങളുണ്ടാവുക സ്വാഭാവികമാണ്. അനിവാര്യ മാറ്റങ്ങളെ ഇരുകൈയും നീട്ടി സ്വീകരിക്കുകയേ ഇപ്പോൾ നിർവാഹമുള്ളൂ. ഇനിയും പ്രതീക്ഷക്ക് പോലും വകനൽകാതെ ഔപചാരിക വിദ്യാഭ്യാസം അനന്തമായി നീണ്ടുപോകുന്ന ഈ അവസരത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചുള്ള വിശകലനം നല്ലതു തന്നെ.

അധ്യാപനരംഗത്ത് ആകർഷകവും സവിശേഷവുമായ ഒട്ടേറെ രീതികൾ പരീക്ഷിക്കാൻ ഓൺലൈൻ വിദ്യാഭ്യാസം വഴിയൊരുക്കിയിട്ടുണ്ട്. ക്ലാസ്മുറികളിൽനിന്നും വിഭിന്നമായി ഏറ്റവും മികച്ച അധ്യാപകരെയാണ് ഓരോ വിഷയത്തിലും വിദ്യാർഥികൾക്ക് അനുഭവിക്കാനാവുന്നത് എന്നതും ചെറിയ കാര്യമല്ല. ക്ലാസ്മുറികളിൽ ഒരുതവണ മാത്രം ശ്രവിക്കാനാവുന്ന പാഠഭാഗങ്ങൾ മനസ്സിലുറക്കുംവരെ ആവർത്തിച്ചുകേൾക്കാനുള്ള സൗകര്യവും ഓൺലൈൻ പഠന സംവിധാനത്തിന്റെ പ്രത്യേകതയാണ്. എന്തെങ്കിലും പ്രതിബന്ധംമൂലം

ക്ലാസിൽ ഹാജരാവാൻ സാധിക്കാതെവരുമ്പോൾ അന്നത്തെ ക്ലാസ് പൂർണമായി നഷ്ടപ്പെടുകയും അതുവഴി പരീക്ഷകളിൽ പിന്തള്ളപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷവും ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഇല്ലാതാവുന്നുണ്ട്. എത്ര ദിവസങ്ങളിലെ ക്ലാസ് നഷ്ടപ്പെട്ടാലും അതൊക്കെ വീണ്ടെടുക്കാനും മനസ്സിലാക്കാനുമുള്ള അവസരം പ്രധാനം തന്നെ.

ഓൺലൈൻ വിദ്യാഭ്യാസംകൊണ്ടുള്ള മറ്റൊരു പ്രധാനനേട്ടം പഠന ചെലവുകളിൽ വരുന്ന ഗണ്യമായ കുറവാണ്. സാധാരണക്കാരെയും അവശ വിഭാഗങ്ങളെയും സംബന്ധിച്ച് ഇത് വലിയൊരു നേട്ടം തന്നെയാണ്. കലാലയങ്ങളിലേക്കുള്ള യാത്രാചെലവ്, ഹോസ്റ്റലുകളിലെ താമസ, ഭക്ഷണ ചെലവ് തുടങ്ങി ഭീമമായൊരു തുക പല കുടുംബങ്ങൾക്കും താങ്ങാനാവുന്നതിലുമപ്പുറമാണ്. ഉന്നത വിദ്യാഭ്യാസം ഓൺലൈനാവുമ്പോൾ ഒന്ന് മനസ്സ് വെക്കുകയാണെങ്കിൽ പ്രൈമറി തലങ്ങളെക്കാൾ സാർവത്രികവും ചെലവുകുറഞ്ഞതുമാക്കാൻ സാധിക്കുമെന്നതും സുപ്രധാന ഗുണം തന്നെ. അതുപോലെ തന്നെ കലാലയങ്ങളിലേക്കുള്ള യാത്രാ ബുദ്ധിമുട്ടുകൾ, സുരക്ഷ എന്നിത്യാദി കാര്യങ്ങൾ ആലോചിക്കുമ്പോഴും ഓൺലൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന രക്ഷിതാക്കളാവും കൂടുതൽ. എല്ലാറ്റിനുമപ്പുറം ജീവിത സാഹചര്യങ്ങൾമൂലം നേടാനാവാതെ പോയ വിദ്യാഭ്യാസം അനൗദ്യോഗികമായെങ്കിലും കുടുംബാംഗങ്ങൾക്കും എത്തിപ്പിടിക്കാനാവുമെന്നത് ഓൺലൈൻ സംവിധാനം നൽകുന്ന സവിശേഷമായ ഒരു ഗുണമാണ്.

ഗുണങ്ങളോടൊപ്പം ഓൺലൈൻ വിദ്യാഭ്യാസത്തിന് അതിലേറെ ദോഷങ്ങളുമുണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല. ഓൺലൈൻ വിദ്യാഭ്യാസം ഒരിക്കലും ഔപചാരിക വിദ്യാഭ്യാസത്തിന് പകരമാവില്ല. സാമ്പ്രദായിക വിദ്യാഭ്യാസത്തിൽനിന്ന് പൊടുന്നനെയുള്ള ഈ ചുവടുമാറ്റം പലർക്കും ഇപ്പോഴും വേണ്ടത്ര ഉൾക്കൊള്ളാനായിട്ടില്ല എന്നതാണ് സത്യം. നേരിട്ടുള്ള ബോധനമില്ലാതെ ഒരു വിദ്യാഭ്യാസവും പൂർണമാകുന്നില്ല എന്നത് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ വലിയ പോരായ്മ തന്നെയാണ്. അധ്യാപകരും വിദ്യാർഥികളും തമ്മിലുള്ള പരസ്പര കൊടുക്കൽ വാങ്ങലുകളിലൂടെയാണ് യഥാർഥത്തിൽ വിദ്യ അഭ്യസിക്കപ്പെടുന്നത്. ക്ലാസ്മുറികളിൽനിന്നും ഒരു വിദ്യാർഥിക്ക് ഒട്ടനവധി അനുഭവപാഠങ്ങൾ നേടിയെടുക്കാനുണ്ട്. ക്ലാസ് മുറി, സഹവിദ്യാർഥികൾ, അധ്യാപകർ, കലാലയ അന്തരീക്ഷം, പാരസ്പര്യം, പ്രായോഗിക പാഠങ്ങൾ ഇവയെല്ലാം കൂടി ചേരുമ്പോഴാണ് പഠനമെന്ന പ്രക്രിയ പൂർണമാകുന്നത്. ഓൺലൈൻ ക്ലാസുകൾ വെറും പരീക്ഷാ പഠനമെന്നതിലേക്ക് പരിമിതപ്പെടുമ്പോൾ ക്ലാസ്മുറികൾ നൽകുന്ന സാംസ്കാരിക കൈമാറ്റവും മാനവിക മൂല്യങ്ങളും നന്മകളും തുല്യതയില്ലാത്തതാണ്. ഗുരുശിഷ്യ ബന്ധങ്ങളുടെ അനിർവചനീയമായ നിർവൃതിയും നിഷ്കളങ്കതയും സ്നേഹോഷ്മളതയും ഓൺലൈൻ അധ്യാപക, വിദ്യാർഥികൾക്ക് നഷ്ടമാകുന്നുണ്ട്. സഹവാസത്തിനും ശിക്ഷണത്തിനും പ്രാധാന്യമുള്ള വിദ്യാഭ്യാസ മേഖലയിൽ വിദൂര വിദ്യാഭ്യാസത്തിന് പരിമിതികളുണ്ട്.

ഓൺലൈൻ വിദ്യാഭ്യാസം സാർവത്രിക വിദ്യാഭ്യാസം സാധ്യമാക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും ക്ലാസ് അറ്റന്റ് ചെയ്യാൻ കഴിയാത്തവരുടെ പരാതിക്ക് ഒട്ടും കുറവില്ല. ഇത്തരത്തിലുള്ള രണ്ടര ലക്ഷം വിദ്യാർഥികൾ സംസ്ഥാനത്ത് തന്നെ നിലവിലുണ്ടെന്നത് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ വലിയ കുറവ് തന്നെയാണ്. ക്ലാസിൽ പങ്കെടുക്കാൻ കഴിയാത്തതിൽ മനംനൊന്ത് ആത്മഹത്യവരെ നടന്നു നമ്മുടെ കൊച്ചു കേരളത്തിൽ! സ്മാർട്ട് ഫോണിന്റെ അഭാവവും നെറ്റ്വർക്കിന്റെ കുറവും മൂലമാണ് പല വിദ്യാർഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസത്തിൽ പങ്കുകൊള്ളാനാവാത്തത്. കൂടുതൽ വിദ്യാർഥികളുള്ള കുടുംബത്തിലെ രക്ഷിതാവിന്റെ സംഘർഷഭരിതമായ മാനസികാവസ്ഥയും കാണാതിരിക്കാനാവില്ല.

കൂടുതൽ വിദ്യാർഥികളും കൗമാരക്കാരാണെന്നതിനാൽ നേരിയ ജാഗ്രതക്കുറവ് വന്നാൽ പോലും അത് വലിയ അപകടങ്ങൾക്ക് വഴിവെക്കും. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ ഏറെ ദുരുപയോഗ സാധ്യത നിലനിൽക്കുന്ന ഉപകരണമാണ്. പഠനത്തിന്റെ പേരിൽ കൂടുതൽസമയം ഇവ സ്വന്തമായി ലഭ്യമാകുന്നുവെന്നത് അപകടത്തിന് ആക്കം കൂട്ടുന്നുണ്ട്. മൊബൈൽ ഇരുതല മൂർച്ചയുള്ള ആയുധമാണ്. അടുത്തിടെ നടന്ന സൈബർ കുറ്റകൃത്യങ്ങളിൽ നല്ലൊരുപങ്ക് വിദ്യാർഥികളുടെതായിരുന്നുവെന്ന യാഥാർഥ്യവും നിലനിൽക്കുന്നുണ്ട്. മൊബൈലിന്റെ അമിതോപയോഗവും അപകടം തന്നെ. ശാരീരിക, മാനസിക പ്രയാസങ്ങൾക്ക് അത് കാരണമാകും. വിഷാദം, അലസത, ദേഷ്യം, നിഷ്ക്രിയത്വം, പൊണ്ണത്തടി, ഉറക്കക്കുറവ് തുടങ്ങി പല ആരോഗ്യ പ്രശ്നങ്ങളും അതുണ്ടാക്കും.

ഓൺലൈൻ സമ്പ്രദായം പഠനത്തിലെ വിമർശനാത്മകതയെ ഇല്ലാതാക്കുമെന്ന് വിദഗ്ധർ തന്നെ അഭിപ്രായപ്പെടുന്നുണ്ട്. പല വികസിത രാജ്യങ്ങളിലും ഓൺലൈൻ വിദ്യാഭ്യാസം ആരംഭിച്ചിട്ട് വർഷങ്ങളായി എന്നതും വിസ്മരിക്കാവതല്ല. ഏതായാലും നിലവിലെ വെല്ലുവിളികൾ, സാധ്യതകൾ എന്നിവ പുനഃപരിശോധിച്ച് ആവശ്യമായ ഉടച്ചുവാർക്കലോടുകൂടിയുള്ള അർഥവത്തായ ഇടപെടലുകൾ ഇനിയും ഈ രംഗത്ത് ആവശ്യമുണ്ട് എന്നു തന്നെയാണ് സാഹചര്യങ്ങൾ വിളിച്ചു പറയുന്നത്.

റിസാന ബിൻത് ക്വാസിം
mail@nerpatham.com



# കൂട്ടുകാരന്റെ ക്വുർആൻ പഠനം

**ബാ**സിമോൻ അഞ്ചാംക്ലാസ് വിദ്യാർഥിയാണ്. അതോടൊപ്പം അവൻ ക്വുർആൻ മനഃപാഠമാക്കുന്നുമുണ്ട്. ഹോസ്റ്റലിൽ താമസിച്ചാണ് അവൻ പഠിക്കുന്നത്. അവന്റെ ഉപ്പ ഒരു മദ്റസ അധ്യാപകനാണ്.

വേനലവധിക്ക് ഹോസ്റ്റൽ പൂട്ടി അവൻ വീട്ടിലെത്തിയതിന്റെ സന്തോഷത്തിലാണ് അവനും വീട്ടുകാരും. വീട്ടിലെയത്തിയ ഉടൻ അവൻ ഉമ്മയോടും ഉപ്പയോടും ഹോസ്റ്റലിലെ വിശേഷങ്ങൾ പറയാൻ തുടങ്ങി. അതിനിടയിൽ സഹപാഠിയായ റെസലിനെക്കുറിച്ചും അവൻ പറഞ്ഞു:

"ഉമ്മാ, റെസൽ നല്ല കഴിവുള്ള കുട്ടിയാണ്. എന്നാൽ എത്ര ശ്രമിച്ചിട്ടും അവന് മറ്റുള്ള കുട്ടികളെ പോലെ ക്വുർആൻ പഠിക്കാൻ കഴിയുന്നില്ല. മനസ്സിൽ കേറുന്നില്ല എന്നാണ് അവൻ പറയുന്നത്. അതിനാൽ എന്നും ഉസ്താദ് അവനോട് ദേഷ്യപ്പെടും. എന്തായിരിക്കും ഇതിനു കാരണം?"

ഉപ്പ പറഞ്ഞു: "മോനേ, അവൻ ഹിഫ്ദ് ക്ലാസിൽ ശ്രദ്ധിച്ച് ഇരിക്കുകയും ഉസ്താദ് ഓതിക്കൊടുക്കുമ്പോൾ ഓതുകയും ചെയ്യാറുണ്ടോ?"

ബാസി: "ശ്രദ്ധിക്കുകയൊക്കെ ചെയ്യാറുണ്ട്. എന്നാൽ ഓതിക്കൊടുക്കുമ്പോൾ ഇടയ്ക്കൊക്കെ തെറ്റും. കാണാതെ ഓതുമ്പോൾ മുഴുവൻ തെറ്റും."

ഉപ്പ: "അവൻ വീട്ടിലായിരിക്കുമ്പോൾ സംഗീതം കേൾക്കാറുണ്ടോ എന്നറിയുമോ?"

ബാസി: "അവൻ ധാരാളമായി കേൾക്കാറുണ്ടെന്ന് പറഞ്ഞതായി ഓർക്കുന്നു."

ഉപ്പ: "അതുശരി. സംഗീതം കേൾക്കുന്നവന്റെ മനസ്സിൽ ക്വുർആൻ കേറില്ല. ഇമാം മാലികിനോട് ഒരാൾ തന്റെ മകന് എത്ര ശ്രമിച്ചിട്ടും ക്വുർആൻ പഠിക്കാൻ കഴിയുന്നില്ല എന്ന് പറഞ്ഞപ്പോൾ 'നിങ്ങളുടെ മകൻ സംഗീതം കേൾക്കാറുണ്ടോ' എന്ന് അദ്ദേഹം തിരിച്ചു ചോദിച്ചു. 'അതെ' എന്നായിരുന്നു മറുപടി. മാലിക്(റഹി) പഞ്ഞു: 'അങ്ങനെയാണെങ്കിൽ ക്വുർആൻ മനസ്സിലാകില്ല. ക്വുർആൻ അല്ലാഹുവിന്റെ കലാമാണ്. സംഗീതം പിശാചിന്റെയും. രണ്ടും ഒരുമിച്ച് ഒരാളുടെ മനസ്സിൽ നിൽക്കുകയില്ല."

ബാസി: "മദ്റസയിലൊക്കെ കുട്ടികൾ നല്ലനല്ല പാട്ടുകൾ പാടാറുണ്ടല്ലോ. ഉസ്താദുമാരും പാടിത്തരാറുണ്ട്. അതൊന്നും കേൾക്കാൻ പാടില്ലേ?"

"അതല്ല സംഗീതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സംഗീത ഉപകരണങ്ങളാണ് ഉദ്ദേശ്യം. എപ്പോഴും ആ കൊട്ടുംകുരവയും താളമേളങ്ങളും കേട്ടുനടക്കുമ്പോൾ അതൊരു ലഹരിയായി മാറും. സംഗീതം കേട്ടുകൊണ്ടിരിക്കുന്ന ചില കുട്ടികൾ മാതാപിതാക്കൾ ഒരു കാര്യം പറഞ്ഞാൽ ഉടനടി അത് അനുസരിക്കാൻ കൂട്ടാക്കാറില്ല. ഇതൊന്നു കേട്ടുകഴിയട്ടെ എന്നായിരിക്കും മറുപടി."

"അപ്പോൾ ക്വുർആൻ മനസ്സിൽ കേറണമെങ്കിൽ സംഗീതവുമായുള്ള ബന്ധം ഒഴിവാക്കണം അല്ലേ?"

"അതെ, അത്തരക്കാർക്കേ ക്വുർആൻ മനഃപാഠമാക്കാനും നന്നായി അതിന്റെ ആശയങ്ങൾ പഠിക്കാനും ജീവിതത്തിൽ പകർത്താനും കഴിയൂ."

"ഇനി ക്ലാസ് തുടങ്ങുന്ന ദിവസം റെസലിനെ കാണുമ്പോൾ ഇക്കാര്യം ഞാൻ അവന് പറഞ്ഞുകൊടുക്കാം ഉപ്പാ."

"വളരെ നല്ലത്. അവൻ അത് ഉൾക്കൊണ്ടാൽ അവനുതന്നെ ഗുണം. അത് പറഞ്ഞുകൊടുക്കുന്നതിന്റെ പ്രതിഫലം അല്ലാഹു നിനക്കും നൽകും."

ഇത് കേട്ടപ്പോൾ ബാസിമോന് വളരെയധികം സന്തോഷം തോന്നി.

WISDOM alive
COUNSELLING DESK



## ക്വാറന്റൈനിലാണോ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടോ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

## വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

**കാസറഗോഡ്**
+919526749667
+918075011566

**കണ്ണൂർ**
+919645099797
+9194474 11307

**വയനാട്**
+919446990991
+919961215816

**കോഴിക്കോട് നോർത്ത്**
+919895626691
+919567858078

**കോഴിക്കോട് സൗത്ത്**
+918547853036
+919895356111

**പാലക്കാട്**
+919656118833
+919847939173

**മലപ്പുറം ഈസ്റ്റ്**
(നിലമ്പൂർ റീജ്യൺ)
+919447749005
+919995662305

**മലപ്പുറം വെസ്റ്റ്**
(തിരൂർ റീജ്യൺ)
+919037159419
+917012095123

**മലപ്പുറം നോർത്ത്**
(മലപ്പുറം റീജ്യൺ)
+919495889689
+919946199288

**തൃശൂർ**
+919446222282
+917510580834

**എറണാകുളം**
+918921655063
+918289880889

**ഇടുക്കി**
+919946545193
+919037640858

**ആലപ്പുഴ**
+919995310518
+918943464478

**കൊല്ലം**
+919895786601
+919947802460

**തിരുവനന്തപുരം**
+919526524467

WISDOM ALIVE COUNCELLING DESK

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JUNE 26

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | 918010068641992 |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ Donate ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും DONATE VIA UPI എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm